17
2024
ആഗസ്റ്റ്
ശനി
ചിങ്ങം 1

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.243 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-243 പേജ് 4. വില 2.00 രൂപ

02 കാർഷിക മേഖലയ്ക്ക് നവചൈതന്യമേകാൻ 'നവോത്ഥാൻ'

03 പ്രവാസിവനിതകൾക്കായി നോർക്ക വനിതാസെൽ

04 ദുരന്ത ബാധിതരുടെ പുനരധിവാസം വേഗത്തിൽ പൂർത്തിയാക്കും: മുഖ്യമന്ത്രി

# നിരോധിത വല ഉപയോഗിച്ച് മീൻപിടിത്തം, ബോട്ട് പിടികൂടി മത്സ്യത്തൊഴിലാളികൾ



കൊച്ചി : മത്സ്യലഭ്യത കുറയുകയും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് തീരക്കടലിൽ മീൻ ലഭിക്കാതാവുകയും ചെയ്തതോടെ തീരമേഖല സംഘർഷഭരിതം. നിരോധിത പെയർ പെലാജിക് വലകൾ ഉപയോഗിച്ച് ട്രോളിങ് ബോട്ടുകൾ മീൻ പിടിക്കുന്നതിനാലാണ് മത്സ്യലഭ്യത കുറഞ്ഞത് എന്നാണ് ആരോപണം. ഇത്തരത്തിൽ മീൻ പിടിച്ച ബോട്ടുകളെ മത്സ്യത്തൊഴിലാളികൾ ഇന്ന് കടലിൽവച്ച് പിടികൂടിയതും തുടർന്ന് നടത്തിയ ഉപരോധവും സംഘർഷത്തിന്റെ വക്കിലെത്തി.

ശസ്ത്രക്രിയകൾ മാറ്റിവയ്ക്കും, ഒപി പ്രവർത്തിക്കില്ല; സംസ്ഥാനത്ത് 24 മണിക്കൂർ സമരവുമായി ഐഎംഎ പെയർ പെലാജിക് വലകളുപയോഗിച്ച് മീൻ പിടിക്കുന്ന ബോട്ടിനെ മത്സ്യത്തൊഴിലാകളിൽ തടയുന്ന വിഡിയോ പുറത്തുവന്നിരുന്നു. അത്യന്തം അപകടരമായ സാഹചര്യമാണ് തീരമേഖലയിൽ നിലനിൽക്കുന്നത് എന്ന് ഇതുമായി ബന്ധപ്പെട്ടവർ പറയുന്നു. ഇത്തരത്തിൽ പിടികൂടിയ ബോട്ടിനെ മത്സ്യത്തൊഴിലാളികൾ ഇന്ന് വൈപ്പിൻ ഫിഷറീസ് സ്റ്റേഷനിലെത്തിച്ചിരുന്നു. പിന്നാലെ പെലാജിക്ക് വലകളുമായി ഗോശ്രീ പാലം ഉപരോധിച്ചത് പ്രദേശത്ത് വലിയ ഗതാഗതക്കിനും കാരണമായി.

കടൽസമ്പത്ത് പൂർണമായി നശിപ്പിക്കുന്ന പെലാജിക് ബോട്ടുകളുടെ മീൻ പിടിത്തം കെഎംഎഫ്ആർ നിയമപ്രകാരം സംസ്ഥാന ഫിഷറീസ് വകുപ്പ് നിരോധിച്ചിട്ടുള്ളതാണെങ്കിലും കൊല്ലം നീണ്ടകര, കൊച്ചി മുനമ്പം, ബേപ്പൂർ എന്നീ പ്രധാനപ്പെട്ട ഹാർബറുകളിൽ നിന്നും നൂറുകണക്കിന് ബോട്ടുകളാണ് പെലാജിക്ക് മീൻ പിടിത്തം എന്നാണ് ആരോപണം. ഇതുമൂലം കേരളത്തിലെ തീരക്കടലിൽ മത്സ്യസമ്പത്ത് ഇല്ലാതാകുകയും മത്സ്യത്തൊഴിലാളികൾ പട്ടിണിയിൽ ആവുകയും ചെയ്തു.

ട്രോളിങ് നിരോധനം പിൻവലിച്ചതിനു ശേഷവും കടലിൽ മത്സ്യലഭ്യത കുറഞ്ഞതോടെ കടലിലേക്ക് പോകുന്നില്ലെന്ന് മത്സ്യത്തൊഴിലാളികൾ തീരുമാനിച്ചിരുന്നു. പെലാജിക് വലകൾ ഉപയോഗിച്ച് ബോട്ടുകൾ തീരക്കടലിൽ മീൻ പിടിക്കുന്നതോടെ മത്സ്യസമ്പത്ത് തന്നെ ഇല്ലാതാവുകയാണെന്ന് മത്സ്യത്തൊഴിലാളികൾ പറയുന്നു. ചെറു മത്സ്യങ്ങൾ കൂട്ടത്തോടെയാണ് ഇത്തരം വലകളിൽ കുടുങ്ങുന്നത്. ചെറുമത്സ്യങ്ങളെ പിടിച്ചു കൊണ്ടു വരുന്നത് ഫിഷറീസ് അധികൃതർ പലപ്പോഴും പിടികൂടുകയും വലിയ പിഴ ചുമത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ ഫിഷറീസ് വകുപ്പിന്റെ അനാസ്ഥ മൂലമാണ് ഇത് സംഭവിക്കുന്നതെന്ന് മത്സ്യത്തൊഴിലാളികൾ ആരോപിച്ചു.

ബോട്ട് പിടികൂടിയതിനു ശേഷം മത്സ്യത്തൊഴിലാളികൾ ഇന്ന് ഗോശ്രീ പാലം ഉപരോധിച്ചിരുന്നു. പെലാജിക് വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിരോധിച്ചിട്ടും തുടരുന്ന സാഹചര്യത്തിൽ മത്സ്യസമ്പത്ത് കുറയുന്നതിനാൽ ഇത് അവസാനിപ്പിക്കാൻ മത്സ്യമേഖലയിലെ തൊഴിലാളികളും ബോട്ടുടമകളും ഏതാനും വർഷങ്ങൾക്ക് മുമ്പ് മുനമ്പം ഭാഗത്ത് തീരുമാനിച്ചിരുന്നു. എന്നാൽ കൊച്ചി തീരക്കടൽ മേഖലയിൽ പലയിടത്തും ഇപ്പോഴും ഇത് വ്യാപകമാണ് എന്നാണ് ആരോപണം

## വിജിലൻസ്മേധാവി യോഗേഷ് ഗുപ്തയെ ഡിജിപിയാക്കി

തിരുവനന്തപുരം: വിജിലൻസ് മേധാവിയായി ചുമതലയേറ്റ എഡിജിപി യോഗേഷ് ഗുപ്തക്ക് ഡിജിപിയായി സ്ഥാനക്കയറ്റം നൽകി. വിജിലൻസ് ഡയറക്ടറായിരുന്ന ടി.കെ.വിനോദ് കുമാർ സ്വയം വിരമിച്ചതിനെ തുടർന്നാണ് യോഗേഷ് ഗുപ്തയെ വിജിലൻസ് ഡയറക്ടറാക്കിയത്.

ബിഎസ്എഫ് ഡയറക്ടർ സ്ഥാനത്തു നിന്ന് കേന്ദ്ര സർക്കാർ മാറ്റിയ നിധിൻ അഗർവാൾ കേരളത്തിലേക്ക് എത്താത്ത സാഹചര്യത്തിലാണ് യോഗേഷ് ഗുപ്തക്ക് സ്ഥാന കയറ്റം നൽകിയത്. ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവിറക്കി. കഴിഞ്ഞ തവണ സംസ്ഥാന പോലീസ് മേധാവി നിയമനത്തിനുള്ള പട്ടികയിൽ ഒന്നാം സ്ഥാനത്തായിരുന്നു നിതിൻ അഗർവാൾ.

എന്നാൽ കേരള കേഡറിലേക്ക് മടക്കമില്ലെന്ന് അറിയിച്ച് അദ്ദേഹം ബിഎസ്എഫ് മേധാവി സ്ഥാനത്ത് തുടരുകയായിരുന്നു.

## പട്ടം എസ് യു ടി ആശുപത്രിയിൽ സ്വാതന്ത്ര്യ ദിനം ആഘോഷിച്ചു

തിരുവനന്തപുരം: രാജ്യത്തിന്റെ എഴുപത്തി എട്ടാമത് സ്വാതന്ത്ര്യ ദിനം എസ് യു ടി ആശുപത്രിയിൽ സമുചിതമായി ആഘോഷിച്ചു. ആശുപത്രിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കേണൽ രാജീവ് മണ്ണാളി പതാകയുയർത്തി. തദവസരത്തിൽ ആശുപത്രിയിലെ സെക്യൂരിറ്റി ജീവനക്കാരും എസ് യു ടി നഴ്സിംഗ് സ്കൂൾ യൂത്ത് റെഡ് ക്രോസ്സ് യൂണിറ്റും ചേർന്ന് ഒരു പരേഡ് നടത്തി. മെഡിക്കൽ സൂപ്രണ്ട് പ്രൊഫ. രാജശേഖരൻ നായർ, കാർഡിയോ വാസ്ക്കുലർ സർജൻ ഡോ. ഉണ്ണികൃഷ്ണൻ, സീനിയർ കൺസൾട്ടന്റ് ന്യൂറോളജിസ്റ്റ് പ്രൊഫ. തോമസ് ഐപ്പ്, ചീഫ് ലയ്സൺ ഓഫീസർ രാധാകൃഷ്ണൻ നായർ, എച്ച് ആർ മാനേജർ ദേവി കൃഷ്ണ, സെക്യൂരിറ്റി ഓഫീസർ ജേക്കബ് സാമുവൽ, വിവിധ ഡിപ്പാർട്ടുമെന്റുകളിലെ കൺസൾട്ടന്റുമാർ, വകുപ്പ് മേധാവികൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.



# സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

## കാതൽ മികച്ച ചിത്രം; പ്രൃഥ്വിരാജ് മികച്ച നടൻ, ഉർവശിയും ബീന ആർ ചന്ദ്രനും മികച്ച നടിമാർ



2023ലെ സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മമ്മുട്ടിയുടെ നിർമാണ കമ്പനിയായ മമ്മൂട്ടി കമ്പനി നിർമിച്ചു ജിയോ ബേബി സംവിധാനം ചെയ്ത 'കാതൽ ദി കോർ'ആണു മികച്ച ചിത്രം. ആടുജീവിതത്തിലെ അഭിനയത്തിനു പൃഥിരാജ് സുകുമാരൻ മികച്ച നടനുള്ള പുരസ്കാരത്തിന് അർഹനായി. 'ഉള്ളൊഴുക്ക്' എന്ന ചിത്രത്തിലെ അഭിനയത്തിനു ഉർവശിയും തടവ് എന്ന ചിത്രത്തിലെ അഭിനയത്തിന് ബീന ആർ. ചന്ദ്രനും മികച്ച നടിമാരായും തെരഞ്ഞെടുക്കപ്പെട്ടു. ആടുജീവതത്തിന്റെ സംവിധായകൻ ബ്ലെസിയാണ് മികച്ച സംവിധായകൻ. സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാനാണു പുരസ്കാരങ്ങൾ പ്രഖ്യാപിച്ചത്.

ജോജു ജോർജിന്റെ അപ്പു പാത്തു പപ്പു പ്രൊഡക്ഷൻ ഹൗസ് നിർമിച്ച് രോഹിത് എം ജി കൃഷ്ണൻ സംവിധായകൻ ചെയ്ത ഇരട്ടയാണ് മികച്ച രണ്ടാമത്തെ ചിത്രം. പൂക്കാലം എന്ന ചിത്രത്തിലെ അഭിനയത്തിന് വിജയരാഘവൻ മികച്ച സ്വഭാവനടനായും പൊമ്പളൈ ഒരുമൈ എന്ന ചിത്രത്തിലെ അഭിനയത്തിന് ശ്രീഷ്മ ചന്ദ്രൻ മികച്ച സ്വഭാവനടിയായും തെരഞ്ഞെടുക്കപ്പെട്ടു. ജൈവം എന്ന ചിത്രത്തിലെ അഭിനയത്തിന് കൃഷ്ണനും ആടുജീവിതത്തിലെ അഭിനയത്തിന് കെ ആർ ഗോകുലും കാതൽ ദി കോറിലെ അഭിനയത്തിന് സുധി കോഴിക്കോടും ജൂറിയുടെ പ്രത്യേക പരാമർശത്തിന് അർഹരായി. അജിത് കുമാർ സുധാകരൻ നിർമിച്ച ഗഗനചാരി എന്ന സിനിമ സംവിധാനം ചെയ്ത അരുൺ ചന്ദുവും പ്രത്യേക ജൂറി അവാർഡിന് അർഹരായി.

മറ്റു പുരസ്കാരങ്ങൾ

മികച്ച ബാലതാരം(ആൺ) അവ്യുക്ത് മേനോൻ (ചിത്രം പാച്ചുവും അത്ഭുതവിളക്കും)

മികച്ച ബാലതാരം(പെൺ) തെന്നൽ അഭിലാഷ്. (ചിത്രം ശേഷം മൈക്കിൽ ഫാത്തിമ)

മികച്ച കഥാകൃത്ത് ആദർശ് സുകുമാരൻ (ചിത്രം കാതൽ ദി കോർ)

മികച്ച ഛായാഗ്രാഹകൻസുനിൽ കെ എസ് (ചിത്രംആടുജീവിതം)

മികച്ച തിരക്കഥാകൃത്ത് രോഹിത് എംജി കൃഷ്ണൻ(ചിത്രംഇരട്ട)

മികച്ച തിരക്കഥ (അഡാപ്റ്റേഷൻ) ബ്ലെസി (ചിത്രംആടുജീവിതം)

മികച്ച ഗാനരചയിതാവ്ഹരീഷ് മോഹനൻ(ഗാനം: ചെന്താമരപ്പൂവിൻചിത്രം: ചാവേർ)

മികച്ച സംഗീത സംവിധായകൻ(ഗാനങ്ങൾ) ജസ്റ്റിൻ വർഗീസ് (ചെന്താമരപ്പൂവിൻ.. (ചിത്രം ചാവേർ)

മികച്ച സംഗീത സംവിധായകൻ (പശ്ചാത്തല സംഗീതം) മാത്യൂസ് പുളിക്കൻ (ചിത്രം കാതൽ ദി കോർ)

മികച്ച പിന്നണി ഗായകൻ വിദ്യാധരൻ മാസ്റ്റർ(ഗാനം ജനനം 1947 പ്രണയം തുടരുന്നു എന്ന ചിത്രത്തിലെ പതിരാണെന്നോർത്തൊരു കനവിൽ)

മികച്ച പിന്നണി ഗായിക ആൻ ആമി (ഗാനം പാച്ചുവും അത്ഭുതവിളക്കും എന്ന ചിത്രത്തിലെ തിങ്കൾപ്പൂവിൻ ഇതളവൾ)

മികച്ച ചിത്ര സംയോജകൻ സംഗീത് പ്രതാപ് (ചിത്രം ലിറ്റിൽ മിസ് റാവുത്തർ)

മികച്ച കലാ സംവിധായകൻ മോഹൻദാസ് (ചിത്രം 2018 എവരിവൺ ഈസ് എ ഹീറോ)

മികച്ച സിങ്ക് സൗണ്ട് ഷമീർ അഹമ്മദ് (ചിത്രം ഓ ബേബി)

മികച്ച ശബ്ദമിശ്രണം റസൂൽപൂക്കുട്ടി, ശരത് മോഹൻ (ചിത്രം ആടുജീവിതം)

മികച്ച ശബ്ദരൂപകൽപ്പന ജയദേവൻ ചക്കാടത്ത്, അനിൽ രാധാകൃഷ്ണൻ (ചിത്രം ഉള്ളൊഴുക്ക്)

മികച്ച പ്രോസസിങ് ലാബ് / കളറിസ്റ്റ് വൈശാഖ് ശിവഗണേഷ്/ ന്യൂബ് സിറസ് (ചിത്രം ആടു ജീവിതം)

മികച്ച മേക്കപ്പ് ആർട്ടിസ്റ്റ് രഞ്ജിത് അമ്പാടി (ചിത്രം ആടുജീവിതം)

മികച്ച വസ്ത്രാലങ്കാരം ഫെമിന ജബ്ബാർ (ചിത്രം ഓ ബേബി)

മികച്ച ഡബ്ബിങ് ആർട്ടിസ്റ്റ് (ആൺ) റോഷൻ മാത്യു (ഉള്ളൊഴുക്കിലെ രാജീവ്, വാലാട്ടിയിലെ ടോമി എന്നീ കഥാപാത്രങ്ങൾ)

മികച്ച ഡബ്ബിങ് ആർട്ടിസ്റ്റ് (പെൺ) സുമംഗല (ജനനം 1947 പ്രണയം തുടരുന്നു എന്ന ചിത്രത്തിലെ ഗൗരി ടീച്ചർ എന്ന കഥാപാത്രം)

മികച്ച നൃത്ത സംവിധാനം ജിഷ്ണു (ചിത്രം സുലൈഖ മൻസിൽ)

ജനപ്രീതിയും കലാമേന്മയുമുള്ള മികച്ച ചിത്രത്തിനുള്ള പ്രത്യേക അവാർഡ് ആടുജീവിതം (നിർമാതാവ് വിഷ്വൽ റൊമാൻസ്, സംവിധായകൻ ബ്ലെസി)

മികച്ച നവാഗത സംവിധായകൻ ഫാസിൽ റസാഖ് (ചിത്രം തടവ്)

മികച്ച വിഷ്വൽ ഇഫക്റ്റ്സ് ആൻഡ്രു ഡിക്രൂസ്, വിശാഖ് ബാബു (ചിത്രം 2018)



# കൃഷിഭവനുകളുടെ സേവനം മെച്ചപ്പെടുത്താൻ 'അനുഭവം' പദ്ധതി

സംസ്ഥാനത്തെ കൃഷിഭവനുകളുടെ സേവനം മെച്ചപ്പെടുത്തുവാൻ ലക്ഷ്യമിട്ട് കൃഷി വകുപ്പ് തയാറാക്കിയിട്ടുള്ള നൂതന സംരംഭമാണ് അനുഭവം (അചഡആഒഅഢഅങ). കൃഷിഭവനുകളുടെ കാര്യക്ഷമമായ പ്രവർത്തനം കേരളത്തിലെ കർഷകർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ടെന്ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് പറഞ്ഞു. നിലവിൽ കൃഷിഭവനുകളുടെ പ്രവർത്തനങ്ങൾ ഒരുപോലെ നിരീക്ഷിക്കുന്നതിനും വിലയിരുത്തിന്നതിനുമുള്ള ഒരു തത്സമയ, കേന്ദ്രീകൃത സംവിധാനം നിലവിലില്ല. പ്രശ്നങ്ങൾ കൃത്യമായി പരിഹരിക്കുന്നതിനും, ഉയർന്ന നിലവാരം പുലർത്തുന്നതിനും ഇത് തടസ്സമാകുന്നുണ്ട്. കൃഷിഭവനുകളുടെ പ്രവർത്തനങ്ങൾ യഥാസമയം വിലയിരുത്തുന്നതിനായാണ് ഒരു പ്രതികരണ സംവിധാനം ഏർപ്പെടുത്തുന്നത്. കർഷകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും, വേഗത്തിൽ പരിഹരിക്കുന്നതിനും, അവർക്ക് ഉയർന്ന നിലവാരമുള്ള സേവനങ്ങൾ നൽകുന്നതിനും ഇത് സഹായകമാകും. ഈ പശ്ചാത്തലത്തിൽ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് അസുഭവം (അസസ്മെന്റ് ഫോർ നർച്ചറിങ് ആന്റ് അപ് ലിഫ്റ്റിങ് ബെനിഫിഷ്യറി ഹാപ്പിനസ് ആൻഡ് അഗ്രികൾച്ചറൽ വിസിറ്റർ അസസ്മെന്റ് മെക്കാനിസം).

ഓരോ കൃഷിഭവനിലും വ്യക്തിഗത ക്യു ആർ കോഡുകൾ സ്ഥാപിച്ച് കർഷകരുടെ പ്രതികരണങ്ങൾ തത്സമയം ശേഖരിച്ചുകൊണ്ട് കൃഷിഭവനുകളിലെ സന്ദർശക രജിസ്ട്രേഷൻ, പ്രതികരണ സംവിധാനങ്ങൾ എന്നിവ സുസംഘടിതമാക്കും. കർഷകരുടെ പ്രതികരണങ്ങൾ തത്സമയം ശേഖരിക്കുന്നതിലൂടെയും. ഉത്തരവാദിത്വം ഉറപ്പാക്കുന്നതിലൂടെയും അനുഭവം കൃഷി വകുപ്പ് നൽകുന്ന വിവിധ സേവനങ്ങളുടെ നിലവാരം ഉറപ്പാക്കുകയും, മാതൃകാ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും, കാർഷിക സേവന സംവിധാനങ്ങളുടെ വിശ്വാസ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തെ കർഷകർക്ക് മികച്ച പിന്തുണ നൽകുന്നതിനും, കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തന നിലവാരം കൂടുതൽ മെച്ചപ്പെടുത്തി കർഷകർക്ക് മികച്ച സേവനങ്ങൾ ഉറപ്പാക്കുന്നതിനുമായി സുതാര്യവും കാര്യക്ഷമവുമായ ഒരു പരിഹാരം കണ്ടെത്തേണ്ടത് അനിവാര്യമാണ് എന്നതുകൊണ്ടാണ് പദ്ധതി നടപ്പിലാക്കാൻ തിരുമാനിച്ചത്. കൃഷിവകുപ്പിൽ നിന്നുണ്ടായ സേവനാനുഭവങ്ങൾ ഉന്നതതലത്തിൽ നിന്ന് നേരിട്ട് ബന്ധപ്പെട്ട് വിലയിരുത്താനായി സുസജ്ജമായ കാൾ സെന്റർ സംവിധാനം ഇതിന്റെ ഭാഗമായി ഒരുക്കും. ആഗസ്റ്റ് 17 മുതൽ പദ്ധതിയുടെ സൗകര്യം കർഷകർക്ക് ലഭ്യമാക്കും.



ബഹു. കേരള സ്പീക്കർ ശ്രീ എ.എൻ. ഷംസീർ, എംഎൽഎമാരായ ജോബ് മിഷിൽ, നജീബ് ബുറാഹിമാൻ പാണ്ടിക്കടവിൽ എന്നിവർ യുഎസ്എയിൽ എൻസിഎസ്എൽ ലെജിസ്ലേറ്റീവ് ഉച്ചകോടി 2024 ൽ പങ്കെടുക്കുന്നു

# കാർഷിക മേഖലയ്ക്ക് നവചൈതന്യമേകാൻ 'നവോത്ഥാൻ'

കൃഷിക്ക് അനുയോജ്യമായ ഭൂമി വിട്ടു നൽകുവാൻ താൽപര്യമുള്ള വ്യക്തികളിൽ നിന്നും കണ്ടെത്തി കൃഷി ചെയ്യാൻ താൽപര്യമുള്ളവർക്ക് പ്രത്യേകിച്ച് വ്യാവസായികാടിസ്ഥാനത്തിൽ ഹോർട്ടികൾച്ചർ, ഹൈഡ്രോപോണിക്സ്, കൃത്യതാ കൃഷി, സംരക്ഷിത കൃഷി, കൂൺ കൃഷി, സംയോജിത കൃഷി തുടങ്ങിയ വൈവിധ്യമാർന്ന ഫാമിംഗ് രീതികൾ അവലംബിക്കുവാൻ താൽപര്യമുള്ള വ്യക്തികൾ, ഗ്രൂപ്പുകൾ എന്നിവർക്ക് സർക്കാർ ഇടപെടലിൽ ഭൂമി ലഭ്യമാക്കുക എന്നതാണ് നവോത്ഥാൻ പദ്ധതിയുടെ മുഖ്യ ഉദ്ദേശമെന്ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് പറഞ്ഞു. ന്യൂ അഗ്രികൾച്ചർ വെൽത്ത് ഓപ്പർച്യൂണിറ്റീസ് ഡ്രൈവിങ് ഹോർട്ടികൾച്ചർ ആൻഡ് അഗ്രിബിസിനസ് നെറ്റ് വർക്കിങ് എന്നതാണ് നവോത്ഥാൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഹോർട്ടികൾച്ചർ മേഖലയും അഗ്രി ബിസിനസുമായി ബന്ധപ്പെടുത്തി ആകർഷകമായ വരുമാനം കർഷകർക്ക് ഉറപ്പുവരുത്തുന്നതിന് ഇതിലൂടെ കഴിയും.

ആദ്യഘട്ടത്തിൽ സർക്കാരിന്റെ വിവിധ സ്ഥാപനങ്ങളുടെ കിഴിലുള്ളതും പൊതുമേഖലാ സ്ഥാപനങ്ങളുടെയും കൃഷിയോഗ്യമായ ഭൂമിയായിരിക്കും താല്പര്യമുള്ള കർഷക ഗ്രൂപ്പുകൾക്ക് കൃഷിക്കായി നൽകുക. അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി ഭൂമി തരം തിരിച്ച ശേഷമായിരിക്കും അതാതു മേഖലയിൽ അനുയോജ്യമായ കാർഷികവിളകൾ തെരഞ്ഞെടുക്കുന്നത്. 10 ഏക്കറിന്റെ ഒരു യൂണിറ്റ് എന്ന നിലയിലായിരിക്കും ഭൂമി കൃഷിക്കായി വിഭജിച്ചു നൽകുക. കാബ്കോയാണ് പദ്ധതി നിർവഹണ ഏജൻസി. വിപണി കണ്ടെത്തൽ, കയറ്റുമതി, മൂല്യവർദ്ധനവ് തുടങ്ങിയ മേഖലകളിൽ കാബ്കോയും കൃഷി വകുപ്പും സാങ്കേതിക ഉപദേശം കർഷകർക്കു നൽകും.

പച്ചക്കറി ഉൾപ്പെടെയുള്ള ഭക്ഷ്യോല്പന്നങ്ങളുടെ ഉൽപാദനം 30 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുക, ഇടവിള കൃഷി സാധ്യമാക്കിക്കൊണ്ട് നിലവിലെ ഭൂമിയിൽ നിന്നുള്ള ഉൽപാദനക്ഷമതയിൽ 40 ശതമാനം വർദ്ധനവ് ഉണ്ടാക്കുക, ഹൈടെക് ഫാമിംഗിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, നൂതന സാങ്കേതികവിദ്യകളുടെ പരിചയപ്പെടുത്തുക, ഭൂരഹിതരും തൊഴിൽരഹിതരുമായവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കുക, ദേശീയതലത്തിലും അന്തർദേശീയ സാങ്കേതികവിദ്യാ കൈമാറ്റം തലത്തിലുമുള്ള ഏജൻസികളുമായി സാങ്കേതികവിദ്യാ കൈമാറ്റം എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ.

കൃഷിഭൂമി കണ്ടെത്തൽ, ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ, സാമ്പത്തിക സഹായം ഉറപ്പാക്കൽ, ഫാമുകളിൽ നിന്നുള്ള സേവനം ഉറപ്പാക്കൽ, വിള ഇൻഷുറൻസും മറ്റു സാങ്കേതിക സഹായങ്ങളും, വിവിധ പദ്ധതികളുടെ സംയോജനം എന്നിവയാണ് പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ.

## കോഴ്സുകളുടെ അംഗീകാരം ഉറപ്പുവരുത്തണം

സംസ്ഥാനത്തെ വിവിധ പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ പാരാമെഡിക്കൽ അനുബന്ധ കോഴ്സുകൾക്ക് പ്രവേശനം നേടുന്നതിനു മുൻപ് അവയ്ക്ക് സംസ്ഥാന മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെയും ബന്ധപ്പെട്ട കൗൺസിലുകളുടെയും അംഗീകാരം ഉണ്ടെന്ന് വിദ്യാർഥികൾ ഉറപ്പാക്കണമെന്ന് മെഡിക്കൽ വിദ്യാഭ്യസ കാര്യാലയം അറിയിച്ചു. അംഗീകാരമില്ലാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപെട്ട സാഹചര്യത്തിലാണിത്.

സംസ്ഥാനത്ത് സർക്കാർ സ്ഥാപനങ്ങളിലും പി എസ് സി വഴിയുള്ള പാരാമെഡിക്കൽഅനുബന്ധ നിയമനങ്ങളിലും പാരാമെഡിക്കൽ കൗൺസിൽ / ഡെന്റൽ കൗൺസിൽ / ഫാർമസി കൗൺസിൽ രജിസ്ട്രേഷൻ നിർബന്ധമാണ്.

# ആയുഷ് മേഖലയിൽ വൻ വികസനം; 207.9 കോടിയുടെ വികസന പദ്ധതികൾക്ക് അംഗീകാരം

## നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രെയിനിങ് ഇൻ ആയുഷിന് അനുമതി

സംസ്ഥാന ആയുഷ് മേഖലയിൽ ഈ സാമ്പത്തിക വർഷം 207.9 കോടി രൂപയുടെ വികസന പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ദേശീയ, അന്തർദേശീയ തലത്തിൽ ആയുഷ് സേവനങ്ങളുടെ ഉന്നത പരിശീലനം നൽകുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രെയിനിങ് ഇൻ ആയുഷിന് (ചകഠകഅ) കേന്ദ്രാനുമതി ലഭ്യമായി. 79 ആയുഷ് ആശുപത്രികളെ 30 ലക്ഷം മുതൽ 1 കോടി രൂപവരെ ചെലവഴിച്ച് നവീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

സംസ്ഥാനത്തെ മുഴുവൻ സർക്കാർ/എയ്ഡഡ് ആയുഷ് മെഡിക്കൽ കോളേജുകൾക്കും അവശ്യമരുന്നുകൾ ലഭ്യമാക്കാനും ഗുണനിലവാര മാനദന്ധങ്ങളനുസരിച്ചുള്ള അടിസ്ഥാന സൗകര്യ വികസനത്തിനും ധനസഹായം ലഭ്യമാക്കും. താത്കാലിക ആയുഷ് ഡിസ്പെൻസറികൾ ഉൾപ്പെടെ എല്ലാ സർക്കാർ ആയുഷ് ചികിത്സാ സ്ഥാപനങ്ങൾക്കും അവശ്യമരുന്നുകളും കണ്ടിജൻസി ഫണ്ടുകളും ലഭ്യമാക്കും.

നിർണയ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ സർക്കാർ ലബോറട്ടറികൾക്ക് 20 ലാബ് ജീവനക്കാരുടെ സേവനം ലഭ്യമാക്കും. ആയുഷ് ആരോഗ്യ സ്വാസ്ഥ്യ കേന്ദ്രങ്ങളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഹബ് ആന്റ് സ്പോക്ക് മാതൃകയിൽ ലബോറട്ടറി സേവനങ്ങൾ ഒരുക്കും. 4000 ത്തിലധികം ഡോക്ടർമാർ ഉൾപ്പെടെയുള്ള ആയുഷ് ആരോഗ്യ പ്രവർത്തകരുടെ വിവിധ പരിശീലനങ്ങൾക്കായും തുക വകയിരുത്തി.

സംസ്ഥാനത്ത് ആദ്യമായി ആയുഷ് മേഖലയിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ശുചിത്വം, അണുബാധ നിയന്ത്രണ മാനദണ്ഡങ്ങൾ എന്നിവ അടിസ്ഥാനപ്പെടുത്തിയ 'കായകൽപ്പ്' അവാർഡ് നടപ്പിലാക്കും. എൻഎബിഎച്ച് ഗുണനിലവാര പ്രക്രിയയുടെ രണ്ടാം ഘട്ടമായി 150 ആയുഷ് സർക്കാർ ഡിസ്പെൻസറികളും ആറ് സർക്കാർ ആയുഷ് ആശുപത്രികളും സജ്ജമാക്കും.

ആയുഷ് മേഖലയിലെ സിദ്ധ, യുനാനി ചികിത്സാ സൗകര്യങ്ങൾ വിപുലപ്പെടുത്തും. ആയുഷ് മേഖലയിലെ ഗുണഫലങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും പാലിയേറ്റീവ് കെയർ സേവനങ്ങൾ, സ്കൂൾ ഹെൽത്ത് സേവനങ്ങൾ, കൂടുതൽ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ എന്നിവ സജ്ജമാക്കും. ആയുഷിലൂടെ വയോജന ആരോഗ്യപരിപാലനം ഉറപ്പാക്കുവാനായി എല്ലാ തദ്ദേശസ്ഥാപന പരിധിയിലും ആയുഷ് വയോജന മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കും. സംസ്ഥാനത്തെ ഭാരതീയ ചികിത്സാ വകുപ്പിലെയും ഹോമിയോപ്പതി വകുപ്പിലെയും എല്ലാ ചികിത്സാ കേന്ദ്രങ്ങൾക്കും ഈ പദ്ധതി അംഗീകാരങ്ങളുടെ ഗുണഫലങ്ങൾ ഉണ്ടാകും. ഇതിലൂടെ കേരളത്തിലെ ആയുർവേദവും ഹോമിയോപ്പതിയും ഉൾപ്പെടെയുള്ള ആയുഷ് ചികിത്സാ ശാഖകൾ മുഖേന കൂടുതൽ ശാസ്ത്രീയവും ഗവേഷണാടിസ്ഥാനത്തിലുമുള്ള സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുവാൻ സാധിക്കും. ദേശീയ ആയുഷ് മിഷൻ മുഖേനയാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്.

# ലാറ്ററൽ എൻട്രി ഡിപ്ലോമ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു

202425 അധ്യയന വർഷത്തിൽ കേരളത്തിലെ വിവിധ പോളിടെക്നിക് കോളേജുകളിൽ വർക്കിംഗ് പ്രൊഫഷണൽസിനു വേണ്ടിയുള്ള ലാറ്ററൽ എൻട്രി ഡിപ്ലോമ പ്രവേശന നടപടികൾ സംസ്ഥാനതലത്തിൽ 2024 ആഗസ്റ്റ് 14 മുതൽ ആരംഭിച്ചു. അപേക്ഷകർക്ക് നേരിട്ട് രണ്ടാം വർഷത്തിലേയ്ക്ക് പ്രവേശനം ലഭിക്കുന്നതും രണ്ട് വർഷം കൊണ്ട് ഡിപ്ലോമ പഠനം പൂർത്തിയാക്കാവുന്നതുമാണ്. വിശദ വിവരങ്ങൾ അടങ്ങിയ പ്രോസ്പക്ടസ് www.polyadmission.org/wp എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പ്രവേശനത്തിന് ഒരു വർഷത്തെ മുഴുവൻ സമയ പ്രവൃത്തി പരിചയമുള്ള പ്ലസ് ടു / വി എച്ച് എസ് ഇ അല്ലെങ്കിൽ കഠക / ഗഏഇഋ പാസ്സായവർക്ക് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അപേക്ഷിക്കാവുന്നതാണ്. പ്രവേശനം നേടുന്നവർ പ്രോസ്പെക്ടസിൽ പ്രതിപാദിച്ചിട്ടുള്ള ഒന്നാം വർഷത്തിന്റെ അധിക വിഷയങ്ങൾ നിശ്ചിത സമയത്തിനകം പാസ്സാകേണ്ടതാണ്.

അപേക്ഷകന് കുറഞ്ഞത് ഒരു വർഷത്തെ മുഴുവൻ സമയ / സ്ഥിരമായ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം. അപേക്ഷകൻ പ്രവേശനം നേടുന്ന സ്ഥാപനം, ജോലി ചെയ്യുന്ന സ്ഥലം അല്ലെങ്കിൽ താമസസ്ഥലത്തു നിന്നും 75 കിലോമീറ്ററിനുള്ളിലായിരിക്കണം. കൂടാതെ അപേക്ഷകർ ജൂൺ 1 നു 19 വയസ്സു തികഞ്ഞവരാകണം. ഭിന്നശേഷിക്കാർ, സർക്കാർ വകുപ്പുകൾ / ബോർഡുകൾ / കോർപ്പറേഷൻ / എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ/ സംസ്ഥാന അർദ്ധ സർക്കാർ സ്ഥാപനങ്ങൾ/ സർക്കാരിന് കീഴിലുള്ള കമ്പനികൾ എന്നിവയിൽ ജോലി ചെയ്യുന്ന ജീവനക്കാർ, 2 വർഷത്തെ NCVT / SCVT / KGCE സർട്ടിഫിക്കറ്റുള്ള ജീവനക്കാർ മുതലായവർക്ക് നിശ്ചിത അനുപാതത്തിൽ സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. EWS, SC/ST, OEC, SEBC, വിഭാഗങ്ങളിലെ അപേക്ഷകർക്ക്സർക്കാർ നിർദ്ദേശപ്രകാരമുള്ള സംവരണം ലഭിക്കുന്നതാണ്. അപേക്ഷകർ www.polyadmission.org/wp എന്ന വെബ്സൈറ്റ് മുഖേന 400 രൂപ ഓൺലൈനായി അടച്ച് One Time Regitsration പൂർത്തിയാക്കിയതിനു ശേഷം പ്രോസ്പക്ടസിൽ പ്രതിപാദിച്ചിരിക്കുന്നതിനനുസരിച്ച് അപേക്ഷ സമർപ്പിക്കേണ്ടതുമാണ്. അപേക്ഷകരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ചുള്ള ലിങ്കുകൾ തെരഞ്ഞെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒന്നിൽ കൂടുതൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് (പ്ലസ് ടു / വി എച്ച് എസ് ഇ അല്ലെങ്കിൽ കഠക / ഗഏഇഋ) വെവ്വേറെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

അപേക്ഷകർ വിവിധ സർക്കാർ / എയ്ഡഡ് / സ്വാശ്രയ പോളിടെക്നിക് കോളേജുകളിലെ സർക്കാർ സീറ്റുകളിലേക്കും, എയ്ഡഡ് / സ്വാശ്രയ പോളിടെക്നിക് കോളേജുകളിലെ മാനേജ്മെന്റ് സീറ്റുകളിലേയ്ക്കും വെവ്വേറെ ലിങ്കുകൾ വഴി ഓരോ കോളേജിലേക്കും ഓൺലൈൻ ആയി പ്രത്യേകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. ഒന്നിൽ കൂടുതൽ അപേക്ഷ സമർപ്പിക്കുന്നവർക്കും One-Time Regitsration ഒരു പ്രാവശ്യം ചെയ്താൽ മതിയാകും. ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന ദിവസം 2024 ആഗസ്റ്റ് 22 ആണ്. കൂടുതൽ വിവരങ്ങൾ മേൽ പറഞ്ഞ വെബ്സൈറ്റിലും അതാത് പോളിടെക്നിക് കോളേജിലും ലഭ്യമാണ്.

# കൃഷി വകുപ്പ് ഓൺലൈനാകുന്നു; സർക്കാർ യോഗങ്ങൾ ജനങ്ങൾക്ക് കാണാൻ 'വെളിച്ചം'

സംസ്ഥാനത്തെ കാർഷികവികസനവും കർഷകക്ഷേമവും ലക്ഷ്യമിട്ടുള്ള വിവിധ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കുന്നത് കൂടുതൽ ജനകീയവും സുതാര്യവുമാക്കാൻ വിവിധ സർക്കാർ യോഗങ്ങൾ പൊതുജനങ്ങൾക്ക് ലൈവായി കാണാൻ ഓൺലൈൻ പ്രക്ഷേപണം നടത്തുന്നത് ഉപകരിക്കും എന്നതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പദ്ധതിയാണ് വെളിച്ചം എന്ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് പറഞ്ഞു. വിർച്വൽ എൻഗേജ്മെന്റ് ഫോർ ലിവറേജിങ് ഇന്ററാക്ടീവ് കമ്യൂണിറ്റി ഹോൺഡ് അഗ്രികൾച്ചർ മാനേജ്മെന്റ് എന്നാണ് വെളിച്ചത്തിന്റെ പൂർണരൂപം. കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്തവും വർധിപ്പിക്കുക, തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയെക്കുറിച്ച് പൊതുജനങ്ങൾക്ക് നേരിട്ട് അറിവ് ഉറപ്പാക്കുക, സജീവമായ പൊതുജന പങ്കാളിത്തം, പ്രതികരണങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. സർക്കാർ സംവിധാനത്തിൽ ജനങ്ങളുടെ വിശ്വാസം വളർത്തുക, പൊതുജന പങ്കാളിത്തം വർധിപ്പിക്കുക, തീരുമാനമെടുക്കുന്ന പ്രക്രിയയിൽ കൂടുതൽ സുതാര്യത ഉറപ്പാക്കുക എന്നിവ പദ്ധതിയിലൂടെ സാധ്യമാകും. ആദ്യ ഘട്ടത്തിലെ പ്രക്ഷേപണങ്ങൾ തെരഞ്ഞെടുക്കപ്പെട്ട പൊതുജന താൽപര്യമുള്ള യോഗങ്ങളായിരിക്കും. പ്രക്ഷേപണം ചെയ്യുന്ന യോഗങ്ങളുമായി ബന്ധപ്പെട്ട് അഭിപ്രായങ്ങൾ അറിയിക്കുന്നതിനും, ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തുന്നതിനും സാമൂഹ്യമാധ്യമ പ്ലാറ്റ് ഫോമുകളിലൂടെ പൊതുജനങ്ങൾക്ക് സാധ്യമാകും. അതിലൂടെ മികച്ച പൊതുജന പങ്കാളിത്തവും സാധ്യമാകും. പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന ക്രിയാത്മകമായ നിർദേശങ്ങളും അഭിപ്രായങ്ങളും നയരൂപീകരണം, പദ്ധതി നടപ്പാക്കൽ പ്രക്രിയകളെ മെച്ചപ്പെടുത്താൻ സഹായകരമാകുമെന്ന് മന്ത്രി പി പ്രസാദ് പറഞ്ഞു.

## ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു; ആഗസ്റ്റ് 18 വരെ ഓപ്ഷൻ സമർപ്പിക്കാം

സംസ്ഥാനത്തെ സർക്കാർ / സ്വാശ്രയ കോളേജുകളിലേക്ക് 202425 വർഷത്തെ ബി.എസ്.സി. നഴ്സിംഗ് ആൻഡ് പാരാമെഡിക്കൽ ഡിഗ്രി പ്രവേശനത്തിന് അപേക്ഷകർ സമർപ്പിച്ച ഓപ്ഷനുകൾ പരിഗണിച്ചുകൊണ്ടുള്ള ട്രയൽ അലോട്ട്മെന്റ് ംംം.ഹയരെലി്യേ.സലൃമഹമ.ഴീ്.ശി എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഒന്നാം ഘട്ട അലോട്ട്മെന്റിലേക്കുള്ള ഓപ്ഷൻ രജിസ്ട്രേഷൻ ആഗസ്റ്റ് 18 ന് രാവിലെ 10 മണി വരെയാണ്. കൂടുതൽ വിവരങ്ങൾ 04712560363, 364 എന്നീ നമ്പറുകളിലും ംംം.ഹയരെലി്യേ.സലൃമഹമ.ഴീ്.ശി എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

## ഗസ്റ്റ് ലക്ചറർ അഭിമുഖം

തിരുവനന്തപുരം സർക്കാർ സംസ്കൃത കോളജിൽ 2024 25 അധ്യയന വർഷത്തിൽ സംസ്കൃത ജ്യോതിഷ വിഭാഗത്തിൽ നിലവിലുള്ള ഒഴിവിലേക്ക് ഗസ്റ്റ് ലക്ചറർമാരെ നിയമിക്കും. ഇതിനായി ഉദ്യോഗാർഥികളുടെ അഭിമുഖം ആഗസ്റ്റ് 29ന് രാവിലെ 11 മണിയ്ക്ക് പ്രിൻസിപ്പലിന്റെ ചേംബറിൽ നടത്തും. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ മേഖലാ ഓഫീസിൽ ഗസ്റ്റ് അധ്യാപകരുടെ പാനലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികൾ വേു:െ//ഴരെ്ോ.മര.ശിൽ നൽകിയിട്ടുള്ള അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ചത്, യോഗ്യത, ജനനതീയതി, മുൻപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ, പകർപ്പ് സഹിതം അഭിമുഖത്തിന് നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9188900159.

# ഓഫ്സെറ്റ് പ്രിന്റിംഗ്ടെക്നോളജി കോഴ്സിലേയ്ക്ക് പ്രവേശനം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗും സംയുക്തമായി തിരുവനന്തപുരത്തുള്ള ട്രെയിനിംഗ് ഡിവിഷനിൽ ആരംഭിക്കുന്ന കേരള ഗവൺമെന്റ് അംഗീകാരമുള്ള ഒരു വർഷ സർട്ടിഫിക്കറ്റ് ഇൻ ഓഫ്സെറ്റ് പ്രിന്റിംഗ് ടെക്നോളജി കോഴ്സിലേയ്ക്ക് പ്രവേശനം ആരംഭിച്ചു. അപേക്ഷകർ പ്ലസ്ടു / വി.എച്ച്.എസ്.ഇ / ഡിപ്ലോമ അഥവാ തത്തുല്യ യോഗ്യത പാസ്സായിരിക്കണം. പട്ടികജാതി / പട്ടികവർഗ / മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് സൗജന്യമായിരിക്കും. പഠനകാലയളവിൽ സ്റ്റൈപ്പന്റും ലഭിക്കുന്നതാണ്. ഒ.ബി.സി / എസ്.ഇ.ബി.സി / മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാന പരിധിയ്ക്ക് വിധേയമായി ഫീസ് സൗജന്യമായിരിക്കും.

കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സ്റ്റൈപ്പന്റോടുകൂടിയ അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് സിആപ്റ്റ് മുഖേന ലഭ്യമാക്കുന്നതാണ്. പ്രസ്തുത സർട്ടിഫിക്കറ്റ് പ്രിന്റിംഗ് ഡിപ്പാർട്ടുമെന്റിൽ ഡിറ്റിപി ഓപ്പറേറ്റർ ഗ്രേഡ്2, ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ്2, പ്ലേറ്റ്മേക്കർ ഗ്രേഡ്2 എന്നീ തസ്തികകളിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം ലഭിക്കുന്നതിന് സർക്കാർ അംഗികരിച്ചിട്ടുണ്ട്.

അപേക്ഷകർ വിദ്യാഭ്യാസയോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്സ്പോർട്ട് സൈസ് ഫോട്ടോ സഹിതം കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ്, ട്രെയിനിംഗ് ഡിവിഷൻ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം 695024.

ഫോൺ 0471 2474720, 0471 2467728 എന്ന വിലാസത്തിൽ നേരിട്ട് ഹാജരാകേണ്ടതാണ്.



തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന 78-ാമത് സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പരേഡ് പരിശോധിക്കുന്നു

# സുരക്ഷിത കുടിയേറ്റം ഉറപ്പാക്കാൻ പ്രവാസിവനിതകൾക്കായി നോർക്ക വനിതാസെൽ

## പരാതികളും 24 മണിക്കൂറും അറിയിക്കാം

കേരളീയരായ പ്രവാസിവനിതകളുടെ പരാതികളും പ്രശ്നങ്ങളും പരിഹരിക്കുന്നതിനുള്ള നോർക്ക റൂട്ട്സിന്റെ ഏകജാലകസംവിധാനമാണ് എൻ.ആർ.കെ വനിതാസെൽ. ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്കോ അവരുടെ പ്രതിനിധികൾക്കോ നോർക്ക വനിതാ സെൽ ഹെൽപ്പ്ലൈനുമായി 24 മണിക്കൂറും ബന്ധപ്പെടാം. നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +918802012345 (വിദേശത്തു നിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) എന്നിവയിലൂടെയും womencell.norka@kerala.gov.in എന്ന ഇമെയിൽ ഐ.ഡി മുഖേനയും പരാതികൾ അറിയാക്കാവുന്നതാണ്. ഇതോടൊപ്പം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്, തൈക്കാട്, തിരുവനന്തപുരം എന്ന വിലാസത്തിൽ തപാലായും പരാതികൾ കൈമാറാം. പരാതിക്കാരുടെ സ്വകാര്യത ഉറപ്പാക്കുന്നതിനും സംവിധാനമുണ്ട്.

വിസ, പാസ്പോർട്ട് സംബന്ധമായ പ്രശ്നങ്ങൾ, നാട്ടിലേക്ക് മടങ്ങൽ, തൊഴിൽ കരാർലംഘനങ്ങൾ, വേതനം സംബന്ധിച്ച തർക്കങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനാണ് സെൽ രൂപീകരിച്ചിരിക്കുന്നത്. വനിതകൾക്ക് സുരക്ഷിതവും നിയമപരവുമായ വിദേശ തൊഴിൽ കുടിയേറ്റത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുക, അവകാശങ്ങളെയും ഉത്തരവാദിത്തങ്ങളെയും കുറിച്ച് അവബോധം വളർത്തുക, പരാതികൾ ഫലപ്രദമായി കൈകാര്യം ചെയ്യുക എന്നിവയാണ് വനിതാസെല്ലിന്റെ പ്രധാന ലക്ഷ്യങ്ങൾ. പ്രവാസിവനിതകളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സർക്കാറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും വനിതാസെൽ പ്രതിജ്ഞാബദ്ധമാണ്.

# അസി. പ്രൊഫസർ തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു

കേരളസർക്കാർ സ്ഥാപനമായ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ ആൻഡ് ടെക്നോളജി (സിമെറ്റ്) യുടെ കീഴിലുള്ള നഴ്സിംഗ് കോളേജുകളായ ഉദുമ, പള്ളുരുത്തി, കോന്നി, നൂറനാട്, താനൂർ, തളിപ്പറമ്പ, ധർമ്മടം, മലമ്പുഴ എന്നിവിടങ്ങളിലെ ഒഴിവുള്ള അസിസ്റ്റന്റ് പ്രൊഫസർ (നഴ്സിംഗ്) തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഒരു വർഷത്തേക്ക് കരാർ വ്യവസ്ഥയിലാണ് നിയമനം. എം.എസ്.സി നഴ്സിംഗ് ബിരുദത്തിന് ശേഷം മൂന്ന് വർഷത്തെ കോളേജിയേറ്റ് പ്രവൃത്തിപരിചയം, സാധുവായ കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ എന്നിവയാണ് യോഗ്യത.

പ്രായം 40 വയസ് (എസ്.സി / എസ്.റ്റി / ഒ.ബി.സി വിഭാഗക്കാർക്ക് നിയമാനുസൃതമായ വയസിളവുണ്ട്). അപേക്ഷ ഫീസ് ജനറൽ വിഭാഗത്തിന്റെ 250 രൂപയും എസ്.സി / എസ്.ടി വിഭാഗത്തിന്റെ 125 രൂപയും ഫീസ് സിമെറ്റിന്റെ വെബ്സൈറ്റിലുള്ള (www.simet.in) ടആ ഈ ഹഹലരേ മുഖേന അടയ്ക്കാം. www.simet.in നിന്നും ലഭിക്കുന്ന അപേക്ഷ ഫോം പൂരിപ്പിച്ച്, ബയോഡാറ്റ, വയസ് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, ബി.എസ്.സി നഴ്സിംഗ്, എം.എസ്.സി നഴ്സിംഗ് ഡിഗ്രി സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ, പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റുകൾ, സാധുവായ കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ, സംവരണാനുകൂല്യമുള്ള ഉദ്യോഗാർഥികൾ ജാതി സർട്ടിഫിക്കറ്റ്, നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ സഹിതം ഡയറക്ടർ, സിമെറ്റ്, പാറ്റൂർ, വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം 695035 എന്ന വിലാസത്തിൽ ആഗസ്റ്റ് 29 നകം അയക്കണം. വിശദവിവരങ്ങൾക്ക് ഫോൺ: 0471 2302400. വെബ്സൈറ്റ്: www.simet.in.

# ഇസ്രയേലിന് 2000 കോടി ഡോളറിന്റെ ആയുധങ്ങൾ

വാഷിങ്ടൺ: ഗാസയിലെ അതിക്രമങ്ങൾക്കെതിരെ ആഗോള തലത്തിൽ വ്യപക വിമർശനം ഉയരുന്ന സാഹചര്യത്തിലും ഇസ്രയേലിന് 2000 കോടി ഡോളറിന്റെ ആയുധങ്ങൾ നൽകാൻ അമേരിക്ക. യുദ്ധവിമാനങ്ങളും സൈനികോപകരണങ്ങളും ഉൾപ്പെടെയുള്ള കരാറിന് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കൻ അനുമതി നൽകി.

പശ്ചിമേഷ്യയിൽ പുതിയ സംഘർഷസാധ്യതകൾ നിലനിൽക്കുന്ന പശ്ചാത്തലത്തിൽ കൂടിയാണ് തീരുമാനം.

എഫ്15 ജെറ്റുകൾ, യുദ്ധടാങ്കുകൾക്കുള്ള കാട്രിഡ്ജ്, മോർട്ടാർ കാട്രിഡ്ജ് എന്നിവ പാക്കേജിൽ ഉൾപ്പെടുന്നു. യുദ്ധവിമാനത്തിന്റെ നിർമ്മാണത്തിന് വർഷങ്ങളെടുക്കും എന്നതിനാൽ 2029ലേക്കാകും എഫ് 15 ജെറ്റുകൾ കൈമാറുക. ബാക്കി സൈനികോപകരണങ്ങൾ 2026ഓടുകൂടിയോ അതിനുമുമ്പോ നൽകുമെന്നും പെന്റഗൺ അറിയിച്ചു.

ഇസ്രയേലിന്റെ സുരക്ഷയ്ക്ക് അമേരിക്ക പ്രതിജ്ഞാബദ്ധമാണ്, ശക്തവും സജ്ജമായതുമായ സ്വയം പ്രതിരോധ ശേഷി വികസിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും ഇസ്രയേലിനെ സഹായിക്കേണ്ടത് യുഎസിന്റെ ദേശീയ താല്പര്യമാണെന്നും പെന്റഗൺ വ്യക്തമാക്കി. അമേരിക്കയുടെ സഹായത്തിന് ഇസ്രയേൽ പ്രതിരോധ മന്ത്രി യോവ് ഗാലന്റ് നന്ദി അറിയിച്ചു.

ഇസ്രയേലിന്റെ ഏറ്റവും വലിയ സഖ്യകക്ഷിയും ആയുധ വിതരണക്കാരുമാണ് അമേരിക്ക. ഗാസയിൽ ഇസ്രയേൽ ആക്രമണം ആരംഭിച്ച ഒക്ടോബർ ഏഴിന് പിന്നാലെ പതിനായിരത്തിലധികം ബോംബുകളും ഹെൽഫയർ മിസൈലുകളും അമേരിക്ക നൽകിയിരുന്നു.

ഗാസയിൽ മരണങ്ങൾ കൂടുന്ന സാഹചര്യത്തിൽ ഇസ്രയേലിന് സൈനിക പിന്തുണ നൽകുന്നതിൽ നിന്ന് വിട്ടുനിൽക്കാൻ യുഎസിനുമേൽ സമ്മർദമുണ്ട്. ഗാസയിലെ ജനസാന്ദ്രതയുള്ള പ്രദേശങ്ങളിൽ ഇസ്രയേലിന്റെ തുടർച്ചയായ വ്യോമാക്രമണങ്ങൾ കണക്കിലെടുത്ത് 2,000 പൗണ്ട് ആയുധങ്ങൾ നൽകാനുള്ള നീക്കത്തിൽ നിന്ന് യുഎസ് നേരത്തെ പിന്മാറിയിരുന്നു.

ഹമാസിന്റെയും ഹിസ്ബുള്ളയുടെയും നേതാക്കൾ കൊല്ലപ്പെട്ടതോടെ ഇറാനും സഖ്യകക്ഷികളും നടത്തിയേക്കാവുന്ന ആക്രമണ സാധ്യത കണക്കിലെടുത്ത് പശ്ചിമേഷ്യയിലെ സൈനിക വിന്യാസം യുഎസ് ത്വരിതപ്പെടുത്തിയിരുന്നു. ഗൈഡഡ് മിസൈൽ അന്തർവാഹിനി മേഖലയിലേക്ക് അയക്കുമെന്നും യുഎസ് പ്രതിരോധ സെക്രട്ടറി ലോയിഡ് ഓസ്റ്റിൻ അറിയിച്ചിരുന്നു.

അന്തർവാഹിനി വിന്യസിക്കുമെന്ന് പെന്റഗൺ പരസ്യമായി പ്രഖ്യാപിക്കുന്നത് അപൂർവമാണ്.

# കർഷക ദിനാചരണവും അവാർഡ് വിതരണവും മുഖ്യമന്ത്രി നിർവഹിക്കും

സംസ്ഥാനതല കർഷകദിന ഉദ്ഘാടനവും 2023 ലെ കർഷക അവാർഡ് വിതരണവും കൃഷിവകുപ്പിന്റെ കാർഷിക സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ കതിർ ആപ്പിന്റെ ഉദ്ഘാടനവും 17 ന് വൈകിട്ട് 4 ന് നിയമസഭ കോപ്ലക്സിലെ ആർ ശങ്കരനാരായണൻ തമ്പി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. കൃഷിമന്തി പി. പ്രസാദ് അധ്യക്ഷത വഹിക്കും. കർഷകർക്ക് എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കുന്ന സംയോജിത സംവിധാനമണ് കതിർ വെബ് പോർട്ടലും മൊബൈൽ ആപ്പും. സംസ്ഥാനത്തെ കൃഷിഭവനുകളുടെ സേവനം മെച്ചപ്പെടുത്തുവാൻ ലക്ഷ്യമിട്ട് കൃഷിവകുപ്പ് തയ്യാറാക്കിയിട്ടുള്ള നൂതന സംരംഭമായ 'അനുഭവം', ഭൂമി വിട്ടു നൽകാൻ താല്പര്യമുള്ള വ്യക്തികൾ, ഗ്രൂപ്പുകൾ എന്നിവർക്ക് സർക്കാർ ഇടപെടലിലൂടെ ഭൂമി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന നവോത്ഥാൻ, വിവിധ കാർഷിക പദ്ധതികളും പ്രവർത്തനങ്ങളും കൂടുതൽ ജനകീയവും സുതാര്യവുമാക്കാനും പൊതുജനങ്ങൾക്ക് ലൈവായി കാണുവാനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന 'വെളിച്ചം' എന്നീ പദ്ധതികളുടെ പ്രഖ്യാപനവും നടക്കും.

# കാബ്കോ എക്സ്പോ സെന്റർ ആൻഡ് അഗ്രി പാർക്ക് ശിലാസ്ഥാപനവും നിർമ്മാണോദ്ഘാടനവും ഇന്ന് (17)

സംസ്ഥാനത്ത് കാർഷിക മൂല്യ വർദ്ധനവും വിപണനവും ശക്തിപ്പെടുത്തുന്നതിലേക്ക് രൂപീകൃതമായ പൊതു സ്വകാര്യ സംയുക്ത സംരംഭമായ കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) യുടെ നേതൃത്വത്തിൽ കാബ്കോ എക്സ്പോ സെന്ററും അഗ്രിപാർക്കും തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റ് കോമ്പൗണ്ടിൽ നാഷണൽ ഹൈവേ ബൈപ്പാസിന് അഭിമുഖമായി സജ്ജമാകുന്നു.

ഇതിന്റെ ശിലാസ്ഥാപനവും നിർമ്മാണോദ്ഘാടനവും ആഗസ്റ്റ് 17ന് രാവിലെ 11:30 ന് ആനയറ വേൾഡ് മാർക്കറ്റ് കോമ്പൗണ്ടിൽ കഴക്കൂട്ടം എംഎൽഎ കടകംപള്ളി സുരേന്ദ്രന്റെ അധ്യക്ഷതയിൽ കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് നിർവഹിക്കും. 65,000 സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള എക്സിബിഷൻ സെന്ററിൽ എക്സിബിഷനുകൾ, കൺവെൻഷനുകൾ, ട്രേഡ്ഷോകൾ, ബിസിനസ് മീറ്റിങ്ങുകൾ, കോർപ്പറേറ്റ് ഇവെന്റുകൾ എന്നിവ നടത്തുന്നതിനുള്ള സൗകര്യങ്ങളുണ്ടാകും.

അത്യാധുനിക സൗകര്യങ്ങളോട് കൂടി സമകാലിക ശൈലിയിൽ ഓരോ ഇവെൻറും മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനുള്ള സംവിധാനം ഇവിടുണ്ട്. 100 സ്റ്റാളുകളിൽ വർഷം മുഴുവൻ പ്രദർശന വിപണനമേളകളും സംഘടിപ്പിക്കുന്നതിനുള്ള സൗകര്യവുമുണ്ടാകും. ആധുനിക സംവിധാനത്തോടുകൂടിയ ഫുഡ് കോർട്ടും രൂപകല്പന ചെയ്തിട്ടുണ്ട്.

ഏഴു നിലകളിലായി ഓഫീസ് മുറികളും മീറ്റിംഗ് സംവിധാനങ്ങളോടും കൂടി കൃഷിവകുപ്പിന്റെ അനുബന്ധ ഓഫീസുകളും പൊതുമേഖലാ സ്ഥാപനങ്ങളും പ്രവർത്തിക്കുവാനുള്ള അഗ്രി ടവറിന്റെ നിർമ്മാണവും ഇതോടൊപ്പം ആരംഭിക്കും.

കാർഷിക ഭക്ഷ്യ മേഖല ബിസിനസുകൾക്കും സ്റ്റാർട്ടപ്പുകൾക്കും അനുയോജ്യമായ ഓഫീസ് കോംപ്ലക്സാണിത്.

# ഗസറ്റിൽ പരസ്യം നൽകുന്നതിനുള്ള നിരക്കുകൾ

അച്ചടി വകുപ്പിൽ പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾക്ക് നിശ്ചിത നിരക്കിൽ ഫീസ് ഈടാക്കി തൊട്ടടുത്ത ഗസറ്റിൽ പരസ്യപ്പെടുത്തുന്നതിന് തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ സെൻട്രൽ പ്രസ്സിലും, മറ്റു ജില്ലകളിൽ അതാത് ജില്ലാ ഫാറം സ്റ്റോറുകളിലും, ഇടുക്കി ജില്ലയിലുള്ളവർക്ക് കോട്ടയം ജില്ലാ ഫാറം സ്റ്റോറിലും കാസർഗോഡ് ജില്ലയിലുള്ളവർക്ക് കണ്ണൂർ ജില്ലാ ഫാറം സ്റ്റോറിലും ആവശ്യമായ രേഖകളുമായി വന്ന് ഗസറ്റിൽ പരസ്യം നൽകാവുന്നതാണ്. ഇതിനാവശ്യമായ എല്ലാ ക്രമീകരണങ്ങളും അതത് ഓഫീസുകളിൽ സജ്ജമാക്കിയിട്ടുണ്ട്. പേരുമാറ്റത്തിന് 1,655 രൂപയും, മതം മാറ്റത്തിന് 1,420 രൂപയും, ഒപ്പ് മാറ്റത്തിന് 2,365 രൂപയും, ലിംഗ മാറ്റത്തിന് 1,655 രൂപയും, ജാതി തിരുത്തലിന് 1,420 രൂപയുമാണ് ഗസറ്റിൽ പരസ്യപ്പെടുത്തുന്നതിന് ഒടുക്കേണ്ട ഫീസ്. കമ്പനി നിയമ പ്രകാരമുള്ള ലൈസൻസിനുള്ള അപേക്ഷ, കോടതി / അഭിഭാഷകർ വഴിയുള്ള ഇൻസോൾവൻസി, കമ്പനികൾ ബാങ്കുകൾ മുതലായവയുടെ ലികിഡേഷനുമായി ബന്ധപ്പെട്ട വിവരങ്ങൾ, ഡിആർപി സംബന്ധിച്ച നോട്ടീസ്, ഗാർഡിയൻ വാർഡ് പെറ്റീഷൻ, ചിട്ടി നിയമ പ്രകാരമുള്ള സെക്യൂരിറ്റി റിലീസ് ചെയ്യൽ, പോളിസി നഷ്ടപ്പെടൽ പോലുള്ള നോട്ടീസുകൾ, പവർ ഓഫ് അറ്റോണി റദ്ദാക്കൽ, വിൽപത്രവുമായി ബന്ധപ്പെട്ട നോട്ടീസുകൾ, ഓപ്പണിങ് മാർക്കറ്റുമായി ബന്ധപ്പെട്ട നോട്ടീസുകൾ, അഭിഭാഷകരുടെ എൻറോൾമെന്റുമായി ബന്ധപ്പെട്ട നോട്ടീസുകൾ, കോടതി / അഭിഭാഷകർ വഴിയുള്ള സക്സഷൻ സർട്ടിഫിക്കറ്റ് തുടങ്ങിയ സേവനങ്ങൾ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ നിന്നും മാത്രം ലഭിക്കും.

# വീഡിയോ എഡിറ്റിംഗ് സർട്ടിഫിക്കറ്റ് കോഴ്സിന് ആഗസ്റ്റ് 23 വരെ അപേക്ഷിക്കാം

സർക്കാർ സ്വയംഭരണ സ്ഥാപനമായ കേരള മീഡിയ അക്കാദമിയുടെ തിരുവനന്തപുരം സെന്ററിൽ തുടങ്ങുന്ന വീഡിയോ എഡിറ്റിങ് സർട്ടിഫിക്കറ്റ് കോഴ്സിന് ആഗസ്റ്റ് 23വരെ അപേക്ഷിക്കാം. തിയറിയും പ്രാക്ടിക്കലും ഉൾപ്പെടെ 6 മാസമാണ് കോഴ്സിന്റെ കാലാവധി. 30 പേർക്കാണ് പ്രവേശനം. നൂതന സോഫ്റ്റ്വെയറുകളിൽ പരിശീലനം നൽകും. കോഴ്സിന്റെ ഭാഗമായി പ്രായോഗിക പരിശീലനവും നൽകും. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 34,500 രൂപയാണ് ഫീസ്. പട്ടികജാതി/പട്ടികവർഗ/ ഒ.ഇ.സി വിദ്യാർഥികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കും. പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് ംംം.സലൃമഹമാലറശമമരമറലാ്യ.ീൃഴ യിലൂടെ ഓൺലൈനായോ, ശാസ്തമംഗലത്തുള്ള അക്കാദമി സെന്ററിൽ നേരിട്ടോ അപേക്ഷ സമർപ്പിക്കാം. അപേക്ഷാഫീസ് 300 രൂപ (പട്ടികജാതി, പട്ടികവർഗ, ഒ.ഇ.സി. വിഭാഗക്കാർക്ക് 150 രൂപ) ഇട്രാൻസ്ഫർ/ ബാങ്ക് മുഖേന അടച്ച രേഖയും, സർട്ടിഫിക്കറ്റുകളുടെ പകർപ്പും അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 23. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471 2726275, 6282692725.

## ഗസ്റ്റ് അധ്യാപക ഒഴിവ്

തിരുവനന്തപുരം ബാർട്ടൺഹിൽ ഗവ. എൻജിനീയറിങ് കോളജിലെ ഊർജതന്ത്ര വിഭാഗത്തിൽ ദിവസവേതാടിസ്ഥാനത്തിൽ ഗസ്റ്റ് അധ്യാപക (അസി. പ്രൊഫസർ) ഒഴിവുണ്ട്. ഈ ഒഴിവിലേക്ക് താത്കാലിക നിയമനം നടത്തുന്നതിനുള്ള അഭിമുഖത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന യോഗ്യരായ ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുമായി ആഗസ്റ്റ് 21 രാവിലെ 9ന് കോളേജിൽ ഹാജരാകണം. യോഗ്യത: 55 ശതമാനം മാർക്കോടെ ഫിസിക്സിൽ എം.എസ്.സി (നെറ്റ്/ പി.എച്ച്.ഡി അഭിലഷണീയം). കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04712300484/ 85.

## 'വർണത്തുമ്പികൾ' ചിത്രരചനാ മത്സരം

സാംസ്കാരിക വകുപ്പിന് കീഴിലുള്ള ഗോപിനാഥ് നടനഗ്രാമം 'വർണ്ണത്തുമ്പികൾ' ചിത്രരചനാ മത്സരം സംഘടിപ്പിക്കും. ആഗസ്റ്റ് 18 ന് രാവിലെ 10 മുതൽ 12 വരെ വിവിധ പ്രായത്തിലുള്ള കുട്ടികളുടെ ഗ്രൂപ്പുകളായാണ് മത്സരം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 8547913916, 0471 2364771.

## ലൈബ്രറി ബുക്കുകൾക്ക് ഇടെണ്ടർ

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള വിവിധ ഐ.റ്റി.ഐകളിലേക്കാവശ്യമായ ലൈബ്രറി ബുക്കുകൾ വാങ്ങുന്നതിനുള്ള ഇടെണ്ടർ ംംം.ലലേിറലൃ.സലൃമഹമ.ഴീ.ശി ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടെണ്ടർ ക റ 2024ബ ഉ ട ഇ ഉ ബ685055ബ1 ടെണ്ടർ. സ്വീകരിക്കുന്ന അവസാന തീയതി സെപ്റ്റംബർ 18 വൈകിട്ട് അഞ്ചു മണി. വിശദവിവരങ്ങൾക്ക്: www.etenders.kerala.gov.in

## പ്രൊജക്ട് ഫെല്ലോ ഒഴിവ്

കേരള വനഗവേഷണ സ്ഥാപനത്തിൽ 2027 ഫെബ്രുവരി 28 വരെ (പ്രോജക്ട് ആവശ്യകതയെ അടിസ്ഥാനമാക്കി നീട്ടാവുന്നതാണ്) കാലാവധിയുള്ള ഒരു സമയ ബന്ധിത ഗവേഷണ പദ്ധതിയിൽ ഒരു പ്രൊജക്ട് ഫെല്ലോയുടെ താത്കാലിക ഒഴിവിലേക്ക് നിയമിക്കുന്നതിന് ആഗസ്റ്റ് 23 ന് രാവിലെ 10 മണിക്ക് കേരള വനഗവേഷണ സ്ഥാപനത്തിന്റെ തൃശൂർ പീച്ചിയിലുള്ള ഓഫീസിൽ ഇന്റർവ്യൂ നടത്തും. വിശദവിവരങ്ങൾക്ക് കേരള വനഗവേഷണ സ്ഥാപനത്തിന്റെ വെബ്സൈറ്റ് (www.kfri.res.in) സന്ദർശിക്കുക.

# നെല്ല് സംഭരണ കുടിശിക സമയ ബന്ധിതമായി വിതരണം ചെയ്യും: മന്ത്രി ജി.ആർ. അനിൽ

കേന്ദ്ര സർക്കാരിൽനിന്ന് അർഹമായ തുക അനുവദിക്കാത്ത സാഹചര്യത്തിലും കേരളത്തിലെ നെൽകർഷകർക്ക് കുടിശിക തുക സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സംസ്ഥാന സർക്കാർ പൂർത്തിയാക്കുകയാണെന്ന് ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ.അനിൽ പത്രക്കുറിപ്പിൽ അറിയിച്ചു.

നെല്ല് സംഭരണത്തിന്റെ കേരളത്തിലെ നിർവഹണ ഏജൻസിയായ സപ്ലൈകോയുടെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചതിനുശേഷം മാത്രമെ കേന്ദ്ര സർക്കാർ അന്തിമമായി താങ്ങുവിലയുടെ ക്ലെയിം തീർപ്പാക്കുകയുള്ളൂ. സംഭരണവിലയുടെ ഒരു ഘടകമായ വേരിയബിൾ കോസ്റ്റിന്റെ 5 ശതമാനം മാത്രം ഇത്തരത്തിൽ തടഞ്ഞുവയ്ക്കുകയും ബാക്കി തുക അനുവദിക്കുകയുമാണ് വികേന്ദ്രീകൃത ധാന്യസംഭരണപദ്ധതി പ്രകാരം ചെയ്യേണ്ടിയിരുന്നത്. കേന്ദ്രം നൽകേണ്ട മൊത്തം തുകയുടെ രണ്ടു ശതമാനത്തിൽ താഴെ മാത്രമെ ഈ ഘടകം വരികയുള്ളൂ. കേരളത്തിന് നൽകാനുള്ള തുകയിൽ 201819 മുതൽ 202324 വരെയുള്ള കാലയളവിൽ തടഞ്ഞുവച്ചിരിക്കുന്ന 647 കോടി രൂപയിൽ 84.12 കോടി രൂപ മാത്രമെ ഈ വിധത്തിൽ ഓഡിറ്റ് റിപ്പോർട്ട് നൽകാത്തതിനാൽ ക്ലെയിം അന്തിമമായി തീർപ്പാക്കപ്പെടാത്തതു കാരണം ലഭിക്കാതിരിക്കുന്നത്.

സർക്കാരും പൊതുമേഖലാ സ്ഥാപനങ്ങളും ഉൾപ്പെട്ട സാമ്പത്തിക വിനിമയങ്ങളിൽ കണക്കുകൾ അന്തിമമായി തീർപ്പാക്കാൻ കാലതാമസം വരുന്നത് ഒരു സാധാരണരീതിയാണ്. 1600 ൽ അധികം ചില്ലറവില്പനശാലകളുടെ ശൃംഖലയുള്ള സപ്ലൈകോയുടെ ഓഡിറ്റ് സമ്പൂർണ്ണമാക്കുക എന്നത് ക്ലേശകരമാണെങ്കിലും അതിനുള്ള തീവ്രയത്നം നടന്നുവരികയാണ്.

എന്നാൽ നെല്ല് സംഭരണത്തിന്റെ നോഡൽ ഏജൻസിയായ സപ്ലൈകോ ഗ്യാരന്റി നിന്ന് പൊതുമേഖലാ ബാങ്കുകളിൽ നിന്നും പി.ആർ.എസ്. വായ്പയായി സംസ്ഥാനത്തെ കർഷകർക്ക് നല്കി കഴിഞ്ഞു. കർഷകർക്ക് സാമ്പത്തികബാധ്യത വരാതെ കാലാകാലങ്ങളിൽ തിരിച്ചടവ് നടത്തുന്നതുമായ തുക കേന്ദ്ര സർക്കാർ അനുവദിക്കാത്ത സാഹചര്യമുണ്ടായിരുന്നു.

ടൈഡ് ഓവർ വിഹിതമായി ലഭിക്കുന്ന അരി കേന്ദ്രം നിശ്ചയിച്ച പ്രതിമാസ പരിധി മറികടന്നുകൊണ്ട് ഓണം പോലുള്ള ഉത്സവവേളകളിൽ നടത്തിയ അരി വിതരണം, മുൻഗണനേതര വിഭാഗങ്ങൾക്ക് നല്കിയ സബ്സിഡി അരി വിതരണം ഇവയുടെ പേരിൽ വെട്ടിക്കുറവ് വരുത്തിയിരിക്കുകയാണ്. എന്നാൽ ഇത്തരം നടപടികൾ മൂലമുണ്ടാകുന്ന പ്രയാസങ്ങൾ കർഷകരെ ബാധിക്കാതിരിക്കാൻ എല്ലാ ശ്രമങ്ങളും കേരള സർക്കാർ നടത്തുന്നുണ്ട്. മുൻവർഷങ്ങളിൽ സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും കൊടുത്തു തീർത്തു. 202324 സംഭരണ വർഷത്തെ രണ്ടാം വിളയിൽ 1,98,755 കർഷകരിൽ നിന്നായി സംഭരിച്ച 5.59 ലക്ഷം മെട്രിക് ടണ്ണിന്റെ വിലയായ 1584.11 കോടി രൂപയിൽ ഇനി 3486 കർഷകർക്കായി 25.64 കോടി രൂപ മാത്രമെ നല്കാനുള്ളൂ.

ഇതിനായി സംസ്ഥാന സർക്കാർ 50 കോടി രൂപ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. ദിവസങ്ങൾക്കുള്ളിൽ തുക വിതരണം പൂർത്തിയാകുമെന്നും മന്ത്രി അറിയിച്ചു.

# എം.സി.എ റഗുലർ അവസാനഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

202425 അധ്യയന വർഷത്തെ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (റഗുലർ) കോഴ്സിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള അവസാനഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. വിവരങ്ങൾ www.lbscetnre.kerala.gov.in ലും വിദ്യാർഥികളുടെ ലോഗിനിലും ലഭ്യമാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർഥികൾ ടോക്കൺ ഫീസ് ഓൺലൈനായി അടച്ചു കോളേജുകളിൽ പ്രവേശനം നേടേണ്ട അവസാന തീയതി ആഗസ്റ്റ് 21. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471 2324396, 2560327.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ വസതിയായ ക്ലിഫ് ഹൗസിൽ മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തുന്നു

# കലാപങ്ങളിൽ അന്വേഷണം ആവശ്യപ്പെട്ട് ഹസീന: രാജ്യം വിട്ടശേഷമുള്ള ആദ്യ പ്രതികരണം

ന്യൂഡൽഹി: ആഭ്യന്തരകലാപത്തെ തുടർന്ന് അധികാരത്തിൽ നിന്ന് പുറത്തായതിന് പിന്നാലെ ആദ്യമായി പ്രതികരിച്ച് ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷേഖ് ഹസീന. രാജ്യത്ത് നടന്ന അക്രമ സംഭവങ്ങളിലും കൊലപാതകങ്ങളിലും ശരിയായ അന്വേഷണം നടക്കണമെന്നും ഉത്തരവാദികളായവരെ ശിക്ഷിക്കണമെന്നും ഹസീന ആവശ്യപ്പെട്ടു.

കലാപത്തിൽ കൊല്ലപ്പെട്ടവർക്ക് ആദരാഞ്ജലി അർപ്പിച്ച ഹസീന, ഉറ്റവരെ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങൾക്കൊപ്പം ചേരുന്നുവെന്നും അറിയിച്ചു. മകൻ സജീബ് വസേദിന്റെ സമൂഹമാധ്യമ അക്കൗണ്ടിലൂടെയാണ് ഹസീന ആദ്യ പ്രസ്താവന പുറത്തിറക്കിയത്. ഓഗസ്റ്റ് 15 ദേശീയ വിലാപ ദിനം മാന്യമായും ഗൗരവത്തോടെയും ആചരിക്കാൻ അഭ്യർത്ഥിക്കുന്നു. പുഷ്പമാലകൾ അർപ്പിച്ചും ബംഗബന്ധു ഭവനിൽ പ്രാർത്ഥിച്ചും എല്ലാ ആത്മാക്കളുടെയും മോക്ഷത്തിനായി പ്രാർത്ഥിക്കുക. കഴിഞ്ഞ ജൂലൈ മുതൽ, പ്രക്ഷോഭത്തിന്റെ പേരിലുള്ള അക്രമത്തിൽ വിദ്യാർത്ഥികൾ, അധ്യാപകർ, പൊലീസുകാർ, മാധ്യമപ്രവർത്തകർ, തൊഴിലാളികൾ, അവാമി ലീഗ് നേതാക്കൾ എന്നിവർക്ക് ജീവൻ നഷ്ടമായി. അവർക്ക് വേണ്ടി അനുശോചനം രേഖപ്പെടുത്തുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നുന്നതായും ഷേഖ് ഹസീന പറഞ്ഞു. അതേ സമയം, ഓഗസ്റ്റ് 15ലെ ദേശീയ അവധി ഇടക്കാല സർക്കാർ റദ്ദാക്കി. ദേശീയ അവധി റദ്ദാക്കാനുള്ള തീരുമാനം ഉപദേശക സമിതി യോഗത്തിൽ അംഗീകരിച്ചതായി മുഖ്യ ഉപദേഷ്ടാവിന്റെ ഓഫിസ് അറിയിച്ചു. ഹസീനയുടെ അവാമി ലീഗ് ഉൾപ്പെടെ നിരവധി പാർട്ടികൾ യോഗത്തിൽ പങ്കെടുത്തു. അവധി റദ്ദാക്കാനുള്ള തീരുമാനത്തെ പാർട്ടികൾ പിന്തുണച്ചു. എന്നാൽ ഔദ്യോഗിക ഉത്തരവ് ഇതുവരെ പുറത്തുവന്നിട്ടില്ല. 1996ലാണ് അവാമി ലീഗ് സർക്കാർ ഓഗസ്റ്റ് 15 ദേശീയ വിലാപ ദിനമായി പ്രഖ്യാപിച്ചത്. 2001ൽ ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടിയും ജമാഅത്തെ ഇസ്‌ലാമി സഖ്യ സർക്കാരും ഈ അവധി ചുരുക്കി ഒഴിവാക്കിയെങ്കിലും 2008ലെ ഹൈക്കോടതി ഉത്തരവിലൂടെ അത് പുനഃസ്ഥാപിക്കുകയുമായിരുന്നു. പ്രധാനമന്ത്രി പദം രാജി വെച്ച് പലായനം ചെയ്ത മുൻ പ്രധാനമന്ത്രി ഷേഖ് ഹസീനയുടെ പിതാവാണ് മുജീബുർ റഹ്മാൻ. 1975 ഓഗസ്റ്റ് 15ലെ സൈനിക അട്ടിമറിയിലായിരുന്നു റഹ്മാനും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും കൊല്ലപ്പെട്ടത്.

# എക്സൈസ് വകുപ്പിന്റെ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ്

തിരുവനന്തപുരം ജില്ലയിൽ ഈ വർഷത്തെ ഓണത്തോടനുബന്ധിച്ച് സ്പിരിറ്റ് കടത്ത്, വ്യാജമദ്യത്തിന്റെ, ഉല്പാദനം, കടത്ത്, വില്പന, മയക്കുമരുന്നുകളുടെ കടത്ത്, വില്പന. ഉല്പാദനം എന്നിവ തടയുന്നതിന് എക്സൈസ് വകുപ്പ് എൻഫോഴ്സ്മെന്റ് പ്രവർത്തനം കൂടുതൽ ശക്തമാക്കിയിട്ടുള്ളതാണ്. 2024 ആഗസ്റ്റ് 14 മുതൽ സെപ്റ്റംബർ 20 വരെ എൻഫോഴ്സ്മെന്റ് ഡ്രൈവ് കാലമായി കണക്കാക്കി ജില്ലയിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം ജില്ലാ ആസ്ഥാനത്ത് തുറന്ന് പ്രവർത്തിച്ചുവരുന്നു. ബാർ, ഹോട്ടലുകൾ / ബിയർ ആൻഡ് വൈൻ പാർലറുകൾ / ആയുർവേദ വൈദ്യശാലകൾ, കള്ളുഷാപ്പുകൾ തുടങ്ങിയ ലൈസൻസ് സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലയിൽ രണ്ടു മേഖലകളാക്കി തിരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകളും ക്രമീകരിച്ചിട്ടുള്ളതും അതിർത്തികളിൽ കൂടിയുള്ള സ്പിരിറ്റ് / വ്യാജമദ്യം / മയക്കുമരുന്ന് കടത്ത് എന്നിവ തടയുന്നതിന് ചെക്ക്പോസ്റ്റുകളിൽ വാഹന പരിശോധന ശക്തമാക്കിയിട്ടുള്ളതും ബോർഡർ പട്രോളിംഗ് കൂടുതൽ ശക്തമാക്കിയിട്ടുള്ളതുമാണ്. വ്യാജമദ്യ ഉല്പാദനം, കടത്ത്, വിതരണം സ്പിരിറ്റ് കടത്ത്, അനധികൃത വൈൻ / അരിഷ്ടം നിർമ്മാണം, വിതരണം തുടങ്ങിയ അബ്കാരി കുറ്റകൃത്യങ്ങളെ സംബന്ധിച്ചും മയക്കു മരുന്നുകളുടെ കടത്തും വില്പനയും സംബന്ധിച്ചും വിവരങ്ങൾ കൺട്രോൾ റൂമുകളിലും ഉദ്യോഗസ്ഥരേയും അറിയിക്കാവുന്നതാണ്. വിവരങ്ങൾ നല്കുന്നവരുടെ പേരു വിവരം രഹസ്യമായി സൂക്ഷിക്കുന്നതായിരിക്കും.

എക്സൈസ് ഓഫീസുകളുടെ ഫോൺ നമ്പർ:

ജില്ലാ കൺട്രോൾ റൂം (ടോൾ ഫ്രീ നം: 18004251727) : 04712473149, എക്സൈസ് സ്പെഷ്യൽ സ്ക്വാഡ് തിരുവനന്തപുരം : 04712470418, എക്സൈസ് സർക്കിൾ ഓഫീസ്, തിരുവനന്തപുരം : 04712348447, എക്സൈസ് സർക്കിൾ ഓഫീസ്, നെയ്യാറ്റിൻകര : 0471 2222380, എക്സൈസ് സർക്കിൾ ഓഫീസ്, നെടുമങ്ങാട് : 04722802227, എക്സൈസ് സർക്കിൾ ഓഫീസ്, ആറ്റിങ്ങൽ : 0470 2622386, എക്സൈസ് സർക്കിൾ ഓഫീസ്, വർക്കല : 04702692212, എക്സൈസ് ചെക്ക് പോസ്റ്റ്, അമരവിള : 04712221776, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, തിരുവനന്തപുരം : 9400069403, എക്സൈസ് ഇൻസ്പെക്ടർ, തിരുവനന്തപുരം : 9400069413, എക്സൈസ് ഇൻസ്പെക്ടർ, കഴക്കൂട്ടം : 9400069414, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, നെയ്യാറ്റിൻകര : 9400069409, എക്സൈസ് ഇൻസ്പെക്ടർ, നെയ്യാറ്റിൻകര : 9400069415, എക്സൈസ് ഇൻസ്പെക്ടർ, അമരവിള : 9400069416, എക്സൈസ് ഇൻസ്പെക്ടർ, തിരുപുറം : 9400069417, എക്സൈസ് ഇൻസ്പെക്ടർ, കാട്ടാക്കട : 9400069418, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, ആറ്റിങ്ങൽ : 9400069407, എക്സൈസ് ഇൻസ്പെക്ടർ, ചിറയിൻകീഴ് : 9400069423, എക്സൈസ് ഇൻസ്പെക്ടർ, കിളിമാനൂർ : 9400069422, എക്സൈസ് ഇൻസ്പെക്ടർ, വർക്കല : 9400069424, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, നെടുമങ്ങാട് : 9400069405, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, നെടുമങ്ങാട്: 9400069420, എക്സൈസ് ഇൻസ്പെക്ടർ, വാമനപുരം : 9400069421, എക്സൈസ് ഇൻസ്പെക്ടർ, ആര്യനാട് : 9400069419, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, ചെക്ക് പോസ്റ്റ്, അമരവിള : 9400069411, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം : 0471 2470418, 9496002861, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം:

# ബീമാപ്പള്ളി ഷിബിലി കൊലക്കേസ്; ഒന്നാം പ്രതി കസ്റ്റഡിയിൽപ

തിരുവനന്തപുരം: ബീമാപ്പള്ളി സ്വദേശി ഷിബിലിനെ കുത്തിക്കൊലപ്പെടുത്തിയ കേസിൽ ഒരാൾ കസ്റ്റഡിയിൽ. ഒന്നാം പ്രതി ഇനാസ് കസ്റ്റഡിയിലാണെന്നും ഇയാളുടെ സഹോദരൻ ഇനാദ് ഇപ്പോഴും ഒളിവിലാണെന്നും പോലീസ് പറഞ്ഞു.

നിരവധി കേസുകളിൽ പ്രതിയായ ഷിബിലി ജാമ്യത്തിലിറങ്ങിയത് ഏതാനും ദിവസങ്ങൾക്ക് മുമ്പാണ്. സ്ഥലവാസികളും സഹോദരങ്ങളുമായ ഇനാസും ഇനാദുമായുള്ള വാക്കു തർക്കമാണ് കൊലപാതകത്തിൽ കലാശിച്ചത്. ഒരാഴ്ച മുൻപ് ഷിബിലി ഇനാസിനെ മർദിച്ചിരുന്നു.

വ്യാഴാഴ്ച ഉച്ചയ്ക്ക് ബീമാപ്പള്ളിക്ക് സമീപത്തുവച്ച് വീണ്ടും ഏറ്റമുട്ടലുണ്ടായി. രാത്രിയിൽ ബീച്ചിലേക്ക് പോകുന്ന വഴിയിൽവച്ച് ഷിബിലിയെ ഇനാസും ഇനാദും സുഹൃത്തുക്കളും ചേർന്ന് ആക്രമിക്കുകയായിരുന്നു. രക്ഷപ്പെട്ട പ്രതികൾ വിഴിഞ്ഞത്തെത്തി കൊലപാതകം നടത്തിയ വിവരം ഒരാളോട് പറഞ്ഞു. രാത്രി പന്ത്രണ്ടരയോടെയാണ് ഷിബിലിക്ക് കുത്തേറ്റ വിവരം പൂന്തുറ പോലീസിന് ലഭിക്കുന്നത്. ഉടൻ തന്നെ ഇയാളെ ആശുപത്രിയിലെത്തിച്ചെങ്കിലും മരിച്ചിരുന്നു.

പൂന്തുറ സ്റ്റേഷനിലെ റൗഡി ലിസ്റ്റിൽ ഉൾപ്പെട്ട ഷിബിലി നിരവധി പ്രാവശ്യം ജയിൽ ശിക്ഷ അനുഭവിച്ചിട്ടുണ്ട്. പ്രതികൾ ലഹരിക്ക് അടിമകളാണെന്നും കേസിൽ ഉൾപ്പെട്ട എല്ലാവരും ഉടൻ അറസ്റ്റിലാകുമെന്ന് പോലീസ് പറഞ്ഞു.

# ഉത്തരാഖണ്ഡിൽ നഴ്സിനെ ബലാത്സംഗംചെയ്ത് കൊലപ്പെടുത്തി; മൃതദേഹം കണ്ടെത്തിയത് 9 ദിവസത്തിനുശേഷം

ലഖ്നൗ: കൊൽക്കത്തയിൽ വനിതാ ഡോക്ടർ ബലാത്സംഗത്തിനിരയായി കൊല്ലപ്പെട്ട സംഭവത്തിൽ രാജ്യവ്യാപക പ്രതിഷേധം ഉയരുന്നതിനിടെ ഉത്തരാഖണ്ഡിലും സമാനമായ കൊലപാതകം. ഉത്തരാഖണ്ഡിലെ സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുന്ന 33 കാരിയായ നഴ്സ് ആണ് ജോലി കഴിഞ്ഞ് മടങ്ങവെ ക്രൂര ബലാത്സംഗത്തിനിരയായി കൊല്ലപ്പെട്ടത്. ഒൻപത് ദിവസങ്ങൾക്ക് ശേഷമാണ് ഇവരുടെ മൃതദേഹം കണ്ടെടുത്തത്.

നൈനിത്താളിലെ സ്വകാര്യ ആശുപത്രിയിലാണ് യുവതി ജോലി ചെയ്തിരുന്നത്. ബിലാസ്പുർ കോളനിയിൽ പതിനൊന്ന് വയസുള്ള മകളുമായി വാടക വീട്ടിൽ താമസിച്ചു വരികയായിരുന്നു ഇവർ. ജൂലായ് 30ന് വൈകുന്നേരം ആശുപത്രിയിൽ നിന്ന് ജോലി കഴിഞ്ഞ് ഓട്ടോ റിക്ഷയിൽ വീട്ടിലേക്ക് മടങ്ങിയ യുവതി വീട്ടിൽ എത്തിയിരുന്നില്ല. തുടർന്ന് സഹോദരി ജൂലൈ 31ാം തീയതി രുദ്രാപുർ പൊലീസ് സ്റ്റേഷനിൽ പരാതി നൽകുകയായിരുന്നു. ഒരാഴ്ചയ്ക്ക് ശേഷം ഓഗസ്റ്റ് 8ന് യുവതിയുടെ മൃതദേഹം ഉത്തർപ്രദേശിലെ ദിബ്ദിബ പ്രദേശത്ത് നിന്ന് യുവതിയുടെ മൃതദേഹം കണ്ടെത്തുകയായിരുന്നു. രാജസ്ഥാനിൽ നിന്നാണ് പ്രതിയെ പിടികൂടിയത്. യുവതിയുടെ കാണാതായ ഫോൺ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് പ്രതിയിലേക്ക് പൊലീസ് എത്തിച്ചേർന്നത്. ഉത്തർപ്രദേശിലെ ബറേലിയിൽ ദിവസവേതനത്തിന് ജോലി ചെയ്തിരുന്ന ധർമേന്ദ്ര എന്നയാളാണ് അറസ്റ്റിലായത്. ജോലി കഴിഞ്ഞ് മടങ്ങിയ യുവതിയെ പിന്തുടർന്ന ധർമേന്ദ്ര വിജനമായ സ്ഥലത്തെത്തിയപ്പോൾ ഇവരെ കുറ്റിക്കാട്ടിലേക്ക് ബലമായി വലിച്ചിഴക്കുകയും ക്രൂരബലാത്സംഗത്തിനിരയാക്കിയ ശേഷം സ്കാർഫ് ഉപയോഗിച്ച് ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തുകയുമായിരുന്നുവെന്നാണ് പൊലീസ് വ്യക്തമാക്കുന്നത്. കൊലപാതകത്തിന് ശേഷം യുവതിയുടെ പക്കൽ ഉണ്ടായിരുന്ന 3000 രൂപയും ഫോണും സ്വർണവും മോഷ്ടിച്ചതായും പൊലീസ് വ്യക്തമാക്കുന്നു.

# തെരഞ്ഞെടുപ്പ്; ഹരിയാനയിൽ ഒറ്റഘട്ടം, ജമ്മുകാഷ്മീരിൽ മൂന്നു ഘട്ടം

ന്യൂഡൽഹി : ഹരിയാന, ജമ്മുകാഷ്മീർ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. മൂന്നു ഘട്ടങ്ങളിലായിട്ടാണ് ജമ്മുകാഷ്മീരിൽ തെരഞ്ഞെടുപ്പ്. ഒന്നാം ഘട്ടം സെപ്റ്റംബർ 18നും രണ്ടാം ഘട്ടം സെപ്റ്റംബർ 25നും മൂന്നാം ഘട്ടം ഒക്ടോബർ ഒന്നിനും നടക്കും.

ഹരിയാനയിൽ ഒക്ടോബർ ഒന്നിന് ഒറ്റഘട്ടമായിട്ടായിരിക്കും വോട്ടെടുപ്പ് നടക്കുക. ഇരു സംസ്ഥാനങ്ങളിലെയും വോട്ടുകൾ ഒക്ടോബർ നാലിന് എണ്ണും. പത്തു വർഷങ്ങൾക്ക് ശേഷമാണ് ജമ്മുകാഷ്മീരിൽ തെരഞ്ഞെടുപ്പ് നടക്കുന്നത്. 90 മണ്ഡലങ്ങളാണുള്ളത്.

ആകെയുള്ള 87.09 ലക്ഷം വോട്ടർമാരിൽ 3.71 ലക്ഷം പുതുമുഖ വോട്ടർമാരാണ്.169 ട്രാൻജെൻഡർ വോട്ടർമാരുമുണ്ട്. 11,838 പോളിംഗ് സ്റ്റേഷനുകളാണ് വോട്ടെടുപ്പിനുണ്ടാകുക. ഹരിയാനയിൽ 90 മണ്ഡലങ്ങളിലായാണ് വോട്ടെടുപ്പ് നടക്കുന്നത്.

2.01 കോടി വോട്ടർമാരാണ് ഹരിയാനയിലുള്ളത്. 20,629 പോളിംഗ് സ്റ്റേഷനുകളായിരിക്കും ഉണ്ടാകുക. ജമ്മുകാഷ്മീരിൽ സെപ്റ്റംബർ മുപ്പതിനുള്ളിൽ തെരഞ്ഞെടുപ്പ് പൂർത്തിയാക്കണമെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചിരുന്നു.

85 വയസ് കഴിഞ്ഞവർക്ക് വീട്ടിൽ വോട്ടുരേഖപ്പെടുത്താൻ സൗകര്യമുണ്ടായിരിക്കുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. കേരളത്തിലെ പാലക്കാട്, ചേലക്കര, വയനാട് ഉപതെരഞ്ഞെടുപ്പുകൾ പിന്നീട് പ്രഖ്യാപിക്കും.

# ഏകീകൃത സിവിൽകോഡ് നടപ്പാക്കേണ്ടത് നമ്മുടെ കടമ; ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് അനിവാര്യം മോഡി

ന്യൂഡൽഹി: മതത്തിന്റെ പേരിൽ രാജ്യത്തെ വിഭജിക്കുന്ന നിയമങ്ങൾക്ക് ആധുനിക സമൂഹത്തിൽ സ്ഥാനമില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്രമോഡി. നിലവിലെ, സിവിൽ കോഡ് വിവേചനപരമാണെന്ന് രാജ്യത്തെ വലിയൊരു വിഭാഗം ജനങ്ങൾക്ക് തോന്നുന്നു. അതിനാൽ, ഏകീകൃത സിവിൽ കോഡ് നടപ്പാക്കേണ്ടത് നമ്മുടെ കടമയാണെന്നും സ്വാതന്ത്ര്യ ദിനത്തിൽ രാജ്യത്തെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു.

ഏകീകൃത സിവിൽ കോഡുമായി ബന്ധപ്പെട്ട് നിരവധി ചർച്ചകൾ സുപ്രീം കോടതി നടത്തിയിട്ടുണ്ട്. ഇതേ വിഷയത്തിൽ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. രാജ്യത്തെ വലിയൊരു വിഭാഗം ജനങ്ങൾക്ക് നിലവിലെ സിവിൽ കോഡ് വിവേചനപരമാണെന്ന് തോന്നുന്നു. ഭരണഘടനാ നിർമാതാക്കളുടെ സ്വപ്നമായിരുന്നു ഇത്. സുപ്രീം കോടതിയും ഭരണഘടനയും ഇതേ കാര്യം തന്നെ നമ്മോട് പറയുന്നു. അത് നിറവേറ്റേണ്ടത് തങ്ങളുടെ കടമയാണ്.

വിഷയം ചർച്ച ചെയ്യേണ്ടതുണ്ട്. എല്ലാവരും അവരുടെ അഭിപ്രായങ്ങളുമായി മുന്നോട്ട് വരണം. മതത്തിന്റെ പേരിൽ രാജ്യത്തെ വിഭജിക്കുന്ന നിയമങ്ങൾ ഇല്ലാതാക്കണം. ആധുനിക സമൂഹത്തിൽ അവയ്ക്ക് സ്ഥാനമില്ല. കാലം മതേതര സിവിൽ കോഡ് ആവശ്യപ്പെടുന്നു. ഇതോടെ, മതപരമായ വിവേചനങ്ങളിൽ നിന്നും നാം സ്വതന്ത്രരാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് നയത്തെക്കുറിച്ചും പ്രധാനമന്ത്രി സംസാരിച്ചു. ഇടയ്ക്കിടെയുള്ള തെരഞ്ഞെടുപ്പ്കൾ രാജ്യത്തിന്റെ പുരോഗതിക്ക് തടസ്സം സൃഷ്ടിക്കുന്നു. മൂന്നു മുതൽ ആറു മാസത്തിനിടെ എവിടെയെങ്കിലും തെരഞ്ഞെടുപ്പ് നടക്കുന്നു. ഇതോടെ, എല്ലാ പ്രവർത്തനങ്ങളും തെരഞ്ഞെടുപ്പ്മായി ബന്ധപ്പെട്ടിരിക്കും. ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് നയത്തിനായി രാജ്യം മുന്നോട്ട് വരണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

# വനിതാ ഡോക്ടറുടെ കൊലപാതകം: 24 മണിക്കൂർ പണിമുടക്കിന് കണ്ടഅ; കേരളത്തിലും ഡ്യൂട്ടി ബഹിഷ്കരിക്കും

ന്യൂഡൽഹി / തിരുവനന്തപുരം: കൊൽക്കത്ത ആർ. ജി. കർ മെഡിക്കൽ കോളജിൽ വനിതാ ഡോക്ടർ ബലാത്സംഗത്തിനിരയായി കൊല്ലപ്പെട്ട സംഭവത്തിൽ കേരളത്തിലും ഡോക്ടർമാർ സമരത്തിനിറങ്ങും. കേരള മെഡിക്കൽ പോസ്റ്റ് ഗ്രാജുവേറ്റ് അസോസിയേഷൻ (കെ. എം. പി. ജി. എ) ആണ് സമരം പ്രഖ്യാപിച്ചത്. വെള്ളിയാഴ്ച ഒപിയും വാർഡ് ഡ്യൂട്ടിയും ബഹിഷ്കരിക്കും. അത്യാഹിത വിഭാഗങ്ങളിൽ സേവനമുണ്ടാകും.

രാജ്യവ്യാപകമായി പണിമുടക്കുമെന്ന് ഐ. എം. എ നേരത്തെ അറിയിച്ചിരുന്നു. വെള്ളിയാഴ്ച രാവിലെ ആറ് മുതൽ ശനിയാഴ്ച രാവിലെ ആറ് വരെ 24 മണിക്കൂറാണ് പ്രതിഷേധം. ഓൾ ഇൻഡ്യ ഫെഡറേഷൻ ഓഫ് ഗവൺമെന്റ് ഡോക്ടേഴ്സ് അസോസിയേഷൻ ദേശീയ തലത്തിൽ കരിദിനം ആചരിക്കും. കെജിഎംഒഎയും പ്രതിഷേധ ദിനത്തിൽ പങ്കു ചേരും. എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും പ്രതിഷേധ യോഗങ്ങൾ സംഘടിപ്പിക്കുമെന്നും കെജിഎംഒഎ അറിയിച്ചു.

കഴിഞ്ഞ വെള്ളിയാഴ്ച പുലർച്ചെയാണ് രാജ്യത്തെ നടുക്കിയ കൊലപാതകം നടന്നത്. ആർ. ജി. കർ മെഡിക്കൽ കോളജിലെ നെഞ്ചുരോഗ വിഭാഗത്തിൽ പി. ജി. ട്രെയിനിയായ വനിതാ ഡോക്ടറെയാണ് ബലാത്സംഗം ചെയ്ത് ക്രൂരമായി കൊലപ്പെടുത്തിയത്. കോളജിലെ സെമിനാർ ഹാളിനുള്ളിൽ അർധനഗ്നമായ നിലയിലായിരുന്നു വനിതാ ഡോക്ടറുടെ മൃതദേഹം. ശരീരമാസകലം മുറിവേറ്റിരുന്നു. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ക്രൂരമായ ലൈംഗിക പീഡനവും സ്ഥിരീകരിച്ചതോടെ സംഭവത്തിൽ വൻ പ്രതിഷേധമാണുയർന്നത്. ഇതിനുപിന്നാലെ പ്രതിയായ പൊലീസിന്റെ സിവിക് വൊളണ്ടിയർ സഞ്ജയ് റോയ് പൊലീസിന്റെ പിടിയിലായി.

# പകർപ്പ് ലഭിച്ചില്ല, ഉള്ളടക്കം അറിയണം: ഹേമ കമ്മിഷൻ റിപ്പോർട്ട് പുറത്തുവിടരുതെന്ന് ആവശ്യപ്പെട്ട് നടി രഞ്ജിനി ഹൈക്കോടതിയിൽ

കൊച്ചി: മലയാള സിനിമാ മേഖലയിൽ സ്ത്രീകൾ നേരിടുന്ന ചൂഷണത്തെക്കുറിച്ച് പഠിച്ച ജസ്റ്റിസ് ഹേമ കമ്മിറ്റിയുടെ റിപ്പോർട്ട് നാളെ പുറത്തുവിടാനിരിക്കെ ഹൈക്കോടതിയിൽ വീണ്ടും ഹർജി. നടി രഞ്ജനി എന്ന സാഷ സെൽവരാജാണ് അപ്പീലുമായി ഹൈക്കോടതിയെ സമീപിച്ചിരിക്കുന്നത്. റിപ്പോർട്ട് പുറത്തുവിടുന്നത് അനുവദിച്ചുകൊണ്ടുള്ള ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെയാണ് അപ്പീൽ. അപ്പീൽ സമർപ്പിക്കാൻ അനുവദിച്ച കോടതി, ഇത് നിലനിൽക്കുമോ എന്ന് തിങ്കളാഴ്ച പരിഗണിക്കും. റിപ്പോർട്ട് പുറത്തുവിടുന്നത് സ്റ്റേ ചെയ്യണമെന്ന ആവശ്യം കോടതി അനുവദിച്ചില്ല. ഈ സാഹചര്യത്തിൽ നാളെ റിപ്പോർട്ട് പുറത്തുവിടുമോ എന്ന കാര്യത്തിലും അനിശ്ചിതത്വമുണ്ട്. 'വടകരയിൽ 'ടീച്ചറമ്മ' എന്ന് യുഡിഎഫ് പരിഹാസത്തോടെ ഉപയോഗിച്ചു; പോരാളി ഷാജി ആരാണെന്ന് പോലും അറിയില്ല' ജസ്റ്റിസ് ഹേമ കമ്മിറ്റിക്ക് മുമ്പാകെ താനടക്കമുള്ളവർ മൊഴി നൽകിയിട്ടുണ്ടെന്നും എന്നാൽ റിപ്പോർട്ടിന്റെ പകർപ്പ് തങ്ങൾക്ക് ലഭിച്ചിട്ടില്ലെന്നും രഞ്ജിനി പറയുന്നു. മൊഴി നൽകിയപ്പോൾ തങ്ങളുടെ സ്വകാര്യത മാനിക്കുമെന്ന് ജസ്റ്റിസ് ഹേമ ഉറപ്പു നൽകിയിരുന്നു. ഈ സാഹചര്യത്തിൽ റിപ്പോർട്ട് പുറത്തു വിടുന്നതിനു മുൻപ് അതിൽ എന്താണുള്ളതെന്ന് അറിയണമെന്നും തങ്ങളുടെ അനുമതിയോടു കൂടി മാത്രമേ റിപ്പോർട്ട് പുറത്തുവിടാവൂ എന്നും അവർ ആവശ്യപ്പെടുന്നു. ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവിടുന്നതിനെതിരെ നിർമാതാവായ സജിമോൻ പറയിൽ നൽകിയ ഹർജി നേരത്തെ ജസ്റ്റിസ് വി. ജി. അരുണിന്റെ സിംഗിൾ ബെഞ്ച് തള്ളിയിരുന്നു. ഹർജിക്കാരനെ കമ്മിറ്റി റിപ്പോർട്ട് എങ്ങനെ ബാധിക്കുമെന്ന് തെളിയിക്കാൻ സാധിച്ചിട്ടില്ലെന്നും മൂന്നാം കക്ഷികളെ അടക്കം ബാധിക്കുന്നതൊന്നും റിപ്പോർട്ടിലില്ലെന്നും വിവരാവകാശ കമ്മിഷൻ ഉറപ്പാക്കിയിട്ടുണ്ടെന്നും ചൂണ്ടിക്കാട്ടിയായിരുന്നു ജസ്റ്റിസ് അരുണിന്റെ വിധി ഇതിനെതിരെയാണ് രഞ്ജിനിയുടെ അപ്പീൽ.

ഇക്കഴിഞ്ഞ ജൂലൈ 24ന് റിപ്പോർട്ട് പുറത്തുവിടുന്നതിന് മണിക്കൂറുകൾക്ക് മുമ്പായിരുന്നു ഇത് ഹൈക്കോടതി സ്റ്റേ ചെയ്തത്. തുടർന്ന് വിശദമായ വാദം കേട്ട ശേഷമായിരുന്നു റിപ്പോർട്ട് പുറത്തുവിടാനുള്ള അനുമതി. ഇതിനെ തുടർന്ന് റിപ്പോർട്ട് സ്വീകരിക്കാൻ നാളെ രാവിലെ 11 മണിക്ക് എത്തണമെന്ന് വിവരാവകാശ കമ്മിഷനിൽ അപേക്ഷ നൽകിയവരോട് സർക്കാർ അറിയിക്കുകയും ചെയ്തിരുന്നു. അതിനിടെയാണ് രഞ്ജിനിയുടെ അപ്പീൽ എത്തിയിരിക്കുന്നത്. ചിത്രം, കോട്ടയം കുഞ്ഞച്ചൻ, മുകുന്ദേട്ടാ സുമിത്ര വിളിക്കുന്നു, കൗതുക വാർത്തകൾ അടക്കം ഒട്ടേ മലയാളം, തമിഴ് സിനിമകളിൽ നായികയായിരുന്നു രഞ്ജിനി.